എന്റെ ഓർമ്മയിലുള്ള കല്ലുങ്കൽ ഗ്രാമവും കുടുംബ വിശേഷങ്ങളും



എന്റെ ഓർമ്മയിലുള്ള
കല്ലുങ്കൽ ഗ്രാമവും
കുടുംബ വിശേഷങ്ങളും

ജോയി മുണ്ടാറ്റുംകുഴി

തിരുവല്ലായ്ക്കടുത്തുള്ള കല്ലുങ്കൽ നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപ്ദേശമാണ്. ഒരു വശത്ത് മണിമലയാറും മറുവശത്ത് പമ്പയാറും അതിന്റെ കൈവഴികളും ചുറ്റി ഒഴുകുന്നു. നെടുമ്പ്രം പഞ്ചായത്തിലും കുറ്റൂർ പഞ്ചായത്തിലും പെട്ട സ്ഥലങ്ങളാണ്. ആ നാടിന്റെ വികസനത്തിന്റെ ചരിത്രവും ഇടവകപള്ളിയുടെ ചരിത്രവും ഗ്രന്ഥകാരന്റെ ജീവിതവുമാണ് ഈ ലഘു കൃതിയിൽ ഇതൾ വിരിയുന്നത്.

സോഫിയാ ബുക്സ്
കോട്ടയം

ജോയി മുണ്ടാറ്റുംകുഴി

എന്റെ ഓർമ്മയിലുള്ള കല്ലുങ്കൽ ഗ്രാമവും കുടുംബ വിശേഷങ്ങളും

ജോയി മുണ്ടാറ്റുംകുഴി

സോഫിയാ ബുക്സ്
കോട്ടയം

(Malayalam)

Ente Ormayilulla Kallumkal Gramavum Kudumba Visheshangalum

Joy Mundatunkuzhy
Mob: +91 97477 76925

First Edition	:	December 24, 2025
Published by	:	Sophia Books, Kottayam Mob: 70122 70083
Type Setting & Printing	:	Sophia Print House, Kottayam
Proof Reading	:	Sheela Elizabeth Varghese
IT Help	:	Roshan Joseph

Rs. 200/-

എന്റെ കല്ലുങ്കൽ: ഓർമ്മകളിൽ

ആമുഖം

24-05-2025. ഇന്ന് എന്റെ 73-ാമത് ജന്മദിനം. വളരെ നാളുകളായി എന്റെ മനസ്സിൽ ഉണ്ടായിരുന്ന ഒരു കാര്യം സഫലമാക്കണമെന്ന് വിചാരിച്ച് ഇന്ന് തുടങ്ങുകയാണ്. എന്റെ മനസ്സിലുള്ള എന്റെ നാടായ കല്ലുങ്കലിനെ കുറിച്ച് ഒരു ചെറിയ വിവരണം കൊടുക്കുക എന്നുള്ളതാണ് ആഗ്രഹം. അതോടൊപ്പം എന്റെ കുടുംബ വിശേഷങ്ങളും. എത്ര മാത്രം ഇത് സഫലമാകും എന്ന ചിന്തയാണ് ഇപ്പോൾ ഇതിന് തുടക്കമിടുമ്പോൾ ഉള്ളത്. ഇതിൽ കേട്ടറിഞ്ഞതും അനുഭവത്തിൽ കൂടി മനസ്സിലാക്കിയതും ആയ കാര്യങ്ങളാണ് നിങ്ങളുടെ മുമ്പിൽ വെക്കുന്നത്. തെറ്റുകുറ്റങ്ങൾ ഉണ്ടെങ്കിൽ വായനക്കാർ സസ്നേഹം ക്ഷമിക്കണം എന്ന് ആദ്യമായി അറിയിക്കുന്നു.

കല്ലുങ്കൽ നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട ഒരു ദ്വീപ്ദേശമാണ്. ഒരു വശത്ത് മണിമലയാറും മറുവശത്ത് പമ്പയാറും അതിന്റെ കൈവഴികളും ചുറ്റി ഒഴുകുന്നു. നെടുമ്പ്രം പഞ്ചായത്തിലും കുറ്റൂർ പഞ്ചായത്തിലും പെട്ട സ്ഥലങ്ങളാണ്. മണിമലയാറിന്റെ കൈവഴിയായി കദളിമംഗലം ഭാഗത്തു നിന്നു ആരംഭിച്ചു പുല്ലമ്പിലാവിൽകടവ്, ഓട്ടാഫീസ് കടവ് ഒക്കെയായി ചുറ്റികറങ്ങി പമ്പയിൽ തിരിച്ചെത്തുന്ന ഈ കൈവഴി എല്ലാവരും മറ്റു സ്ഥലങ്ങളുമായി ബന്ധപ്പെടുന്നതിനായി, കൂടുതലും വള്ളങ്ങളും സർക്കാർ കടത്തുവള്ളങ്ങളും ഉപയോഗിച്ചിരുന്നു. നാട്ടിൽ യാതൊരുവിധ യാത്രാ സൗകര്യങ്ങളും ഇന്ന് കാണുന്നതുപോലെ ഉണ്ടായിരുന്നില്ല. എന്നാലും നാട്ടിലുള്ളവർ കടപ്രയിലും തിരുവല്ലായിലുമായി അവരുടെ വിദ്യാഭ്യാസം നടന്നു പോയി നടത്തിയിരുന്നു. കല്ലുങ്കൽ ഒരു എം.ഡി. എൽ.പി. സ്കൂൾ അഞ്ചു വരെ പഠിക്കാൻ സൗകര്യത്തിനായി ഉണ്ടായിരുന്നു. ഇരമല്ലിക്കര യു.പി. സ്കൂൾ പലർക്കും 6, 7 ക്ലാസുകൾ പഠിക്കുന്നതിനായി ഉപകാരപ്പെട്ടു. പലരും അതുകഴിഞ്ഞ് തിരുവല്ല ഭാഗത്തുള്ള സ്കൂളുകളിലേക്ക് പോകുകയായിരുന്നു. കല്ലുങ്കൽ ഉള്ള ഏറ്റവും പഴയ പള്ളിയായ സെന്റ് ഇഗ്നേഷ്യസ് പള്ളി 2025 ഡിസംബറിൽ ശതാബ്ദി ആഘോഷിക്കുകയാണ്. സെന്റ് ജോർജ് പള്ളിയും താമസിയാതെ ശതാബ്ദി ആഘോഷിക്കും. ഈ ഭാഗത്തുള്ള ക്രിസ്ത്യാനികൾ മലങ്കര ഓർത്തഡോക്സ് സഭാ വിശ്വാസികളാണ്

കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി പള്ളി (പഴയ പള്ളി. 1977-ലെ ഫോട്ടോ)

എങ്കിലും അന്നുള്ള സാഹചര്യത്തിൽ രണ്ടു പള്ളികൾ ഉണ്ടാവേണ്ടതായി വന്നു. പള്ളിയുടെ ആദ്യകാല ട്രസ്റ്റിയും സെക്രട്ടറിയുമായി എന്റെ പ്രപി താമഹൻ ഗീവർഗീസ് ഇട്ടി 1927-29 കാലത്ത് സേവനം അനുഷ്ഠിച്ചിരുന്നു വെന്നതിൽ അഭിമാനിക്കുന്നു. 1930-ൽ ഈ അപ്പച്ചൻ അന്തരിച്ചു. പള്ളിയുടെ തെക്ക് ശ്മശാനത്തിൽ കബറടക്കി. കുടുംബത്തിൽപെട്ട ഇട്ടി തോമസ്, എം. ജി. ഗീവർഗീസ് (എന്റെ പിതാവ്), കൂടാതെ ഞാനും പള്ളിയുടെ കൈസ്ഥാ നികളായി സേവനം ചെയ്തു. കൂടാതെ 1965-ൽ കപ്ളാശേരിൽ ഈപ്പൻ അച്ചൻ വികാരി ആയിരുന്ന കാലത്ത് ഞാനും പുത്തൻപുരയിൽ രാജുവും അച്ചന്റെ കൈവെപ്പോടു കൂടി പള്ളിയിൽ മദ്ബഹയിൽ ശുശ്രൂഷ ചെയ്തു. രാജു ജോലി കിട്ടി പോകും വരേയും ഞാൻ 1978-ൽ ബഹ്റൈനിൽ പോരും വരേയും അത് തുടർന്നു. ആ കാലം പള്ളിയിൽ വളരെ സാമ്പത്തിക ബുദ്ധി മുട്ട് ആയിരുന്നു. പിടിയരിയും കെട്ടുതെങ്ങും ഓരോ വീട്ടിലും പിരിച്ചും മറ്റു ചെറിയ വരുമാനംകൊണ്ട് വേണം പള്ളിയുടെ ചിലവ് നടത്താൻ. ഒരു തവണ കുർബാന നടത്താൻ 15 രൂപ അച്ചന് കൊടുക്കണം. അതിനു ബുദ്ധി മുട്ടായിരുന്നു. ആദ്യം ഒരു തവണയും പിന്നീട് രണ്ടു തവണയും കുർബാന യായി. ആ കാലത്ത് ഹാശാ ശുശ്രൂഷകൾ നടത്താൻ അച്ചന്മാരെ കിട്ടുന്നത് പ്രയാസമായിരുന്നു. അങ്ങനെ വാലാപ്പറമ്പിൽ യോഹന്നാൻ കത്തനാർ ആണ് നമ്മുടെ പള്ളിയിൽ നാലു തവണ കുർബാന ചൊല്ലുന്നതിന് തയ്യാ റായി വന്നതും മാർ ഇഗ്നാത്തിയോസിന്റെ മദ്ധ്യസ്ഥപ്രാർത്ഥനയും, പെരു ന്നാളും, റാസയും എല്ലാം തുടങ്ങിയതും.

കുറെ ക്രിസ്ത്യാനികളും അവരുടെ തൊഴിലാളികളായ കുറെ പട്ടിക ജാതിക്കാരും, രണ്ടു ഹിന്ദു കുടുംബവും കുറെ ഈഴവരും, അവരുടേതായ

ചാണിക്കാട്ട് ദേവീക്ഷേത്രവും ഒരു ബാർബറും ഒരു പറയർ കുടുംബവു മാണ് ഉണ്ടായിരുന്നത്.

'കല്ലുങ്കൽ 25' എന്നാണ് അന്ന് പറഞ്ഞുകൊണ്ടിരുന്നത്. അതായത് 25 വീട്ടുകാർ താമസിക്കുന്ന ഒരു കൊച്ചു പ്രദേശമായിട്ടാണ് കല്ലുങ്കൽ അറി യപ്പെട്ടിരുന്നത്. കല്ലുങ്കൽ എന്ന പേര് വരാനുള്ള കാരണം, ഇരമല്ലിക്കര പാലത്തിന്റെ താഴെയായിട്ട് മണിമലയാറ്റിൽ കാണുന്ന കല്ലുകളെന്നു കേട്ടി രുന്നു. ഇരമല്ലിക്കരയിൽ നിന്നും ആളുകൾ നടന്ന് ഈ വഴി തിരുവല്ലയ്ക്ക് പോയിരുന്നു. ഈ പ്രദേശത്തെ കല്ലുങ്കൽ എന്ന് ആൾക്കാർ വിളിച്ചു. ഈ കടവിൽ ഉള്ള വീട്ടുപേരും കല്ലുങ്കൽ എന്നാണ്.

നാടിന്റെ അഭിവൃദ്ധിക്കായി പമ്പാ റിവർ ഷുഗർ ഫാക്ടറി വന്നു. അതി നാൽ നാട്ടിലെ പ്രധാന കൃഷി കരിമ്പായിരുന്നു. കരിമ്പിന്റെ ട്രാൻസ്പോ ർട്ടേഷനു വേണ്ടി അന്ന് പലർക്കും വള്ളങ്ങൾ ഉണ്ടായിരുന്നു. ഈ വലിയ വള്ളങ്ങൾ ഉപയോഗിച്ച് ഫാക്ടറിയിലേക്ക് കരിമ്പ് കൊണ്ടുപോകുക എന്നത് പ്രധാന തൊഴിലായിരുന്നു, വരുമാനമാർഗവും. കരിമ്പ് കൃഷിക്കായിട്ട് സ്ത്രീ കളും പുരുഷന്മാരും തൊഴിലാളികളായി. കരിമ്പ് വെട്ടിക്കഴിഞ്ഞ് നെല്ലും, കപ്പയും പച്ചക്കറികളും കൃഷി ചെയ്തിരുന്നു. നാട്ടുകാർക്ക് കുറെ പേർ ക്കായി കമ്പനിയിൽ ജോലി കിട്ടി. മറ്റുള്ളവർ കൂടുതലും സാധാരണക്കാർ. കമ്പനിയുടെ സഹായത്തോടു കൂടി ഒരു തോട് മധ്യഭാഗത്തിൽ കൂടെ വെട്ടി. അങ്ങനെ അകളി തോട് ഉണ്ടായി. കീച്ചേരിവാൽകടവ് മുതൽ പുല്ലമ്പ്ലാ വിൽകടവ് വരെയും മദനശേരി കടവ് മുതൽ ചക്രക്ഷാളനക്കടവ് വരെയും റോഡുകൾ ഉണ്ടായിരുന്നത് നാട്ടുകാർക്കു വളരെ ആശ്വാസമായി. താമസി യാതെ ചക്രക്ഷാളനക്കടവിൽ ഒരു പാലം വരികയും ചെയ്തു. അത് സാധാര ണക്കാർക്ക് തിരുവല്ലയ്ക്ക് പോകുവാൻ വളരെ ആശ്വാസമായി. എന്നാൽ അത്യാവശ്യത്തിനായി ഒരു കാർ വിളിച്ചാൽ പല ടാക്സിക്കാരും കല്ലുങ്കൽ വരുന്നത് വിസമ്മതിച്ചിരുന്നു. കാരണം വളരെ ഇടുങ്ങിയ വഴിയും രണ്ട് സൈഡിലും വേലി കെട്ടി റോഡിലോട്ട് പത്തലുകൾ വളർന്നുനിൽക്കുന്ന സാഹചര്യവും ഉണ്ടായിരുന്നു. നാട്ടിൽ നിന്നും രോഗികൾ, ഗർഭിണികൾ ഒക്കെ പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനായി കിലോമീറ്ററുകളോളം യാത്ര ചെയ്യേണ്ടതായി ഉണ്ടായിരുന്നു. എന്നാൽ അതിനുള്ള യാത്രാസൗകര്യ ങ്ങൾ ഇല്ലായിരുന്നു. അത്യാഹിത സാഹചര്യങ്ങളിൽ രോഗികളെ കസേരക ളിൽ ഇരുത്തി ചുമന്നുകൊണ്ട് പോകേണ്ടതായി വന്നിട്ടുള്ള അവസരങ്ങൾ ഓർത്തു പോവുകയാണ്. സമയത്തിന് ആശുപത്രികളിൽ എത്തിച്ചേരാൻ സാധിക്കാതെ മരണം സംഭവിച്ചതും ഓർക്കുന്നു.

തിരുവല്ലയിലെ സ്കൂളുകളിൽ പോകുമ്പോൾ അഴകച്ചേരിൽ പടി മുതൽ പുല്ലമ്പിലാവിൽ കടവ് വരെ ഉള്ള റോഡിൽ പുല്ല് വളർന്ന സാഹചര്യവും

അതിൽ നിന്ന് തെറിക്കുന്ന ചെളികൾ കടവിൽ ചെന്ന് കാലുകൾ കഴുകി തുടർന്നുള്ള യാത്ര നടത്തുന്ന കാലവും ഉണ്ടായിരുന്നു. കൂടുതലും നിക്കറുകൾ ഇട്ടു കുട്ടികൾ പോകുന്നതുകൊണ്ട് അതിനും സൗകര്യമുണ്ട്. രണ്ടു വശവും കരിമ്പ് കൃഷി ആയതിനാൽ റോഡിന് സൈഡിൽ വനംപോലെ കരിമ്പ് ആയിരിക്കും. ഒരു വനത്തിൽ കൂടി യാത്ര ചെയ്യുന്നതുപോലെ ഭയാനകമായ വഴിയിൽ കുട്ടികൾ കൂട്ടംകൂട്ടമായി യാത്ര ചെയ്യുന്നതിനായി ശ്രമിച്ചിരുന്നു. കടവ് കടന്ന് കിഴക്കംമുറി വഴി അമ്പലത്തിന്റെ അവിടെ എത്തി തിരുവല്ലയ്ക്കും മറ്റു പ്രദേശങ്ങളിലേക്കും പോകുകയാണ് പതിവ്. തിരുവല്ലായിൽ എം.ജി.എം. ഹൈസ്കൂൾ, ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ, തോലശ്ശേരി സി.എം.എസ്., സെന്റ് തോമസ് ഹൈസ്കൂൾ, എസ്.സി.എസ്. ഹൈസ്കൂൾ, ദേവസ്വം ബോർഡ് ഹൈസ്കൂൾ, ആലം തുരുത്തി കണ്ണശ ഹൈസ്കൂൾ എന്നിവിടങ്ങളിൽ കുട്ടികൾ പഠിച്ചിരുന്നു. ചങ്ങനാശ്ശേരി കോളജിൽ പഠിക്കുന്നതിനായി കല്ലുങ്കൽ നിന്നും 7 കിലോ മീറ്റർ നടന്നു കുന്നിന്റെ മുകളിലുള്ള ട്രാൻസ്പോർട്ട് സ്റ്റാൻഡിൽ നിന്നും കെ.എസ്.ആർ.ടി.സി. സ്റ്റുഡൻസ് ഒൺലി ബസ്സിൽ കയറി പെരുന്നയിൽ ഇറങ്ങി എൻ.എസ്.എസ്. ഹിന്ദു കോളജിൽ രണ്ടു വർഷം പ്രീഡിഗ്രി പഠിച്ച കാലവും ഓർത്തു പോവുകയാണ്. എല്ലാവരും മാതാപിതാക്കളോടൊപ്പം കൃഷിയിലും ശ്രദ്ധിച്ചിരുന്നു. ക്ലാസുകൾ കഴിഞ്ഞ് വീട്ടിലെത്തിയാൽ കന്നു കാലി വളർത്തലിലും സഹായിച്ചിരുന്നു. കൂടുതലും ചെറിയ വീടുകൾ, മതിലുകളും വേലിക്കെട്ടുകളും ഇല്ലാതെ ഏകോതര സഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന ഒരു കാലം. ഒരാപത്തുണ്ടായാൽ ജാതിഭേദം ഇല്ലാതെ എല്ലാവരും ആ ആപത്തിൽ സഹായിച്ചിരുന്നു.

വളരെ താഴ്ന്ന പ്രദേശം ആയതിനാൽ ഉള്ള സ്ഥലത്ത് കുഴി കുത്തി മണ്ണെടുത്ത് കന്നുകൾ ആക്കി അതിന്റെ മുകളിൽ ആണ് വീടുകൾ വെച്ചത്. ഇന്നും ആ കുഴികൾ നികത്താനാകാതെ കിടക്കുന്നതായി കാണുവാൻ സാധിക്കും. മുണ്ടാർ, ഇടയാർ, കെടയിൽ പുഞ്ചകൾ ഇന്നും കാണുവാൻ ഉണ്ട്. മുണ്ടാർ നികന്ന സ്ഥലമായതിനാൽ മുണ്ടാറ്റുംകുഴി എന്ന പേര് വന്നു.

തുടരെയുള്ള വെള്ളപ്പൊക്കം താഴ്ന്ന സ്ഥലം ഒക്കെ ഉയർന്നു വരുവാൻ സഹായിച്ചു. എന്നാൽ പിൽക്കാലം തുടരെയുള്ള വെള്ളപ്പൊക്കം തടയുന്നതിനായി ചിറകൾ ഉണ്ടാക്കി. വല്യേലിൽ ചിറ, ആഞ്ഞിലിക്കുഴിചിറ, ഇവയുടെ ശേഷിപ്പുകൾ ഇന്നും കാണാം. ഈ ചിറകളിൽ കൂടി വഴി നടന്നുപോയ കാലവും ഉണ്ട്. സൈക്കിൾപോലും കാണാൻ ഇല്ല. തിരുവല്ലയിൽ സൈക്കിൾ വിൽക്കുന്ന കടകളില്ല. 1969-ൽ തിരുവനന്തപുരത്തു പോയി സൈക്കിൾ വാങ്ങി ട്രെയിനിൽ കൊണ്ടുവന്നാണ് ഞാൻ ഉപയോഗിച്ചത്. ഓടിട്ട വീടുകളും കുറവായിരുന്നു.

കുടിവെള്ളത്തിനും തുണി കഴുകുന്നതിനും, കുളിക്കുവാനും ആറുകളെ ആശ്രയിച്ചിരുന്നു. വീടുകളിൽ ഒന്നും കിണറുകൾ ഇല്ലായിരുന്നു. ഏതെങ്കിലും വീട്ടിൽ കിണർ ഉണ്ടായാൽ അതിൽ നിന്നും വെള്ളം പല വീട്ടുകാരും എടുക്കുവാൻ വന്നിരുന്നു. അങ്ങനെ എല്ലാവരും ഏകോദര സഹോദരങ്ങളെ പോലെ കഴിഞ്ഞിരുന്ന കാലം ഉണ്ടായിരുന്നു.

മലങ്കര കത്തോലിക്കാ പള്ളി

കല്ലുങ്കൽ കിഴക്കേ പള്ളിയിലെ വിവാഹ സംബന്ധമായി പള്ളിയുമായി ഉണ്ടായ തർക്കമാണ് മലങ്കര കത്തോലിക്കാ പള്ളിയുടെ ആരംഭത്തിന് കാരണമായത്. പള്ളിയിൽ നിന്നും പല കുടുംബങ്ങളും അന്നത്തെ ട്രസ്റ്റിയുൾപ്പെടെ മലങ്കര കത്തോലിക്കാ സഭയിലേക്ക് പോകുവാൻ തയ്യാറായി. അവർക്കായി സ്ഥലം വാങ്ങി പള്ളി വച്ചു കൊടുക്കാനായി സഭാ മേലധ്യക്ഷന്മാരും സഭാ മാനേജ്മെന്റും തയ്യാറായി. ആദ്യകാലങ്ങളിൽ മദനിശേരി കടവിൽ അടുത്ത് ചെറിയ ഷെഡ് കെട്ടി കുർബാന അർപ്പിച്ചിരുന്നു. ഇപ്പോൾ കാണുന്ന പള്ളി പണി തീരുന്നത് വരെയും അവിടെ ആയിരുന്നു ആത്മീയ ശുശ്രൂഷകൾ നടന്നിരുന്നത്. ആദ്യകാല വികാരിയച്ചന്മാരെ പലരെയും ഇപ്പോഴും ഓർക്കുന്നു. ബഹുമാന്യരായ ഏബ്രഹാം, ജോൺ, ജയിക്കബ്, പയസ്, വിയാനി തുടങ്ങി പയ്യംപള്ളി അച്ചൻ വരെ ഓർക്കുന്നു. പല വീട്ടിൽ നിന്നും പെൺകുട്ടികളെ നഴ്സിംഗ് പഠിക്കാൻ ജർമ്മനിയിൽ വിട്ട് സഹായിച്ചു. മിക്കവാറും ഈ പുരോഹിതർ പള്ളിയിൽ വന്നത് ലേഡീസ് സൈക്കിൾ ഉപയോഗിച്ചായിരുന്നു. ബഹുമാനപ്പെട്ട പയ്യംപള്ളിൽ അച്ചൻ പുഷ്പഗിരി ഹോസ്പിറ്റൽ ഡയറക്ടർ ആയിരുന്നു. അച്ചൻ നമ്മുടെ നാടിനു വലിയ ഉപകാരപ്പെടുംവിധത്തിൽ പലർക്കും ജോലി പുഷ്പഗിരിയിൽ തരപ്പെടുത്തി കൊടുത്തു. പഴയപള്ളി കാലപ്പഴക്കം കാരണം പൊളിച്ചു പുതിയ പള്ളി വച്ചു

മാർത്തോമ്മാ പള്ളി

തിരുവല്ലയിൽ കാവുംഭാഗത്ത് ഹോസ്പിറ്റൽ നടത്തുന്ന കൊച്ചു ബേബി എന്ന ഡോക്ടർ ജോർജ് കുരുവിളയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഫലമായി ഒരു ജോർജ് സാർ കല്ലിങ്കൽ വരികയും സ്ഥലം വാങ്ങി വീട് വെച്ച് അവിടെ താമസിച്ചുകൊണ്ട് സുവിശേഷ പ്രസംഗം, സുവിശേഷവേലകൾ മുതലായവ നടത്തി ഒരു പറ്റം ആൾക്കാരെ ക്രൈസ്തവ വിശ്വാസത്തിൽ വളർത്തി മാർത്തോമ്മാ സഭയോടു കൂടി ചേർക്കുകയായിരുന്നു. അവരുടെ പ്രയത്നത്തിന്റെ ഫലമായി കല്ലിങ്കൽ മാർത്തോമ്മാ പള്ളിയും നിലവിൽ വന്നു.

പെന്തക്കോസ്ത് സഭ

കാലം പിന്നെയും മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. ഇതിനിടയിൽ പെന്തി ക്കോസ്ത് വിശ്വാസത്തിൽപെട്ട കുറെ ആളുകൾ ഇടപെട്ട് ആ സഭയും കല്ലു ങ്കൽ സ്ഥാപിതമായി. കിഴക്ക് ഭാഗത്തു റോഡ് സൈഡിൽ ഒരു Faith Home ഇവരുടെയൊക്കെ ആണ്. ചെറിയ ഒരു കൂട്ടം ആളുകൾ ഇവിടെ ദൈവത്തെ ആരാധിക്കുന്നു.

പാലങ്ങൾ

കാലക്രമേണ ഈ കൊച്ചു ഗ്രാമം പല ഭാഗത്തായി മറ്റു സ്ഥലങ്ങളുമായി ബന്ധിപ്പിക്കത്തക്ക അനേകം പാലങ്ങൾ തീർന്നു. അവ

1. പനച്ചുമൂട്ടിൽ കടവ് പാലം, 2. കദളിമംഗലം പാലം, 3. ക്നാനായ പള്ളിയുടെ അടുത്തുള്ള പാലം, 4. പുല്ലമ്പിലാവിൽകടവ് പാലം, 5. കാരാത്മ കോളനിയുടെ അടുത്തുള്ള ചെറിയ പാലം, 6. ഓട്ടാപ്പീസ് കടവ് പാലം, 7. ഇരമല്ലിക്കര പാലം എന്നിവയാണ്.

അങ്ങനെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെട്ട വാസയോഗ്യമായ ഒരു ഗ്രാമ മായി കല്ലുങ്കൽ വളർന്നു.

കർഷക തൊഴിലാളി സമരം

കരിമ്പ് കൃഷിയാണ് നാട്ടിലെ പ്രധാന വരുമാനമാർഗം. കർഷകരും തൊഴിലാളികളും വളരെ രമ്യതയോടു കൂടി രണ്ടു കൂട്ടർക്കും ലാഭമുണ്ടാക ത്തക്ക രീതിയിൽ തർക്കം ഇല്ലാതെ കഴിഞ്ഞിരുന്ന കാലം. പുറത്തു നിന്നും ചില ദുഷ്ട മനുഷ്യരുടെ ഇടപെടൽ കാരണം തൊഴിലാളികൾ തലച്ചുമടി നായി 50 ശതമാനം കൂലി കൂട്ടി. അത് കിട്ടിയെങ്കിൽ മാത്രമേ അവർ പണി ക്കിറങ്ങൂ എന്ന് ശഠിച്ചു. മുൻ വർഷം ഒരു പുരുഷ തൊഴിലാളി 8 രൂപ ശമ്പളം വാങ്ങിച്ചിരുന്ന സ്ഥാനത്ത് 12 രൂപ അവർ ഡിമാൻഡ് വെച്ചു. കരി മ്പിന്റെ വിലയോ മുൻ വർഷത്തേതിൽ നിന്നും കൂടിയിട്ടുമില്ല. കരിമ്പിന് ഒരു ടണ്ണിന് 100 രൂപ വിലയായിരുന്നു. പല കൂടിയാലോചനകൾക്ക് ശേഷം 10 രൂപ കൂലി കർഷകരുടെ സ്ഥാനത്തു നിന്നും സമ്മതിച്ചു. എന്നാൽ അതിനെ തൊഴിലാളികൾ തള്ളിക്കളഞ്ഞു. കരിമ്പ് വെട്ടി ഫാക്ടറിയിൽ കൊടുക്കേണ്ട സമയം അതിക്രമിച്ചിരുന്നു. തൊഴിലാളികളുടെ ഭാഗത്ത് നിന്നും അനുകൂലമായ യാതൊരു തീരുമാനങ്ങളും ഇല്ല. കർഷകർ തനിയെ കരിമ്പ് വെട്ടി വള്ളത്തിൽ കയറ്റി ഫാക്ടറിയിൽ എത്തിക്കാൻ തീരുമാനിച്ചു. ഈ വിധത്തിലുള്ള പണികൾ ചെയ്തിട്ടില്ലാത്ത ചെറുപ്പക്കാരായ കർഷ കരും അവരുടെ വീടുകളിൽ ഉണ്ടായിരുന്ന സ്ത്രീകളും കരിമ്പിന്റെ പണി ക്കായിട്ട് ഇറങ്ങിത്തിരിച്ചു. ഈ പ്രവൃത്തി തൊഴിലാളികൾക്ക് തീരെ ഇഷ്ട

പ്പെട്ടില്ല. അവർ കൂടുതലായി പുറത്തു നിന്നും ആൾക്കാരെ ഇറക്കുമതി ചെയ്തു സമരം വിപുലീകരിക്കുവാൻ ആയിട്ട് ശ്രമിച്ചു. ഇത് കല്ലുങ്കൽ വെൺപാല ഭാഗത്തു കൂടുതൽ സംഘർഷത്തിന് ഇടയായി. പല ഭാഗത്ത് കർഷകരുമായും വിദ്യാർത്ഥികളുമായും സംഘർഷത്തിന് തൊഴിലാളികൾ മുതിർന്നു. പല കർഷകരുടെയും കരിമ്പ് വെട്ടി നശിപ്പിച്ചു. സ്വന്തം ഭൂമിയിൽ കപ്പയ്ക്ക് കിളച്ചുകൊണ്ടിരുന്ന കർഷകരെ മർദ്ദിക്കുകയും അവരുടെ പണിയായുധങ്ങൾ നശിപ്പിക്കുകയും ചെയ്തു. അതോടു കൂടി വെൺപാലയുള്ള കർഷകരും സമര രംഗത്തേക്ക് ഇറങ്ങി. പോലീസ് സംരക്ഷണം ആവശ്യപ്പെട്ടിരുന്നു എങ്കിലും പോലീസിന്റെ തിരക്ക് കാരണം വരുന്നതിന് സാധിക്കില്ല എന്ന അറിവ് കിട്ടി. അതിനാൽ കരിമ്പ് വെട്ട് നിർത്തിവച്ചു. സമരത്തിന്റെ ഗതി മാറ്റി വിടുന്നതിനായി കപ്പയുടെ ഇടനിലം കിളക്കുന്നതിനായി എല്ലാവരും കൂടി. കുടുക്കാറ ഭാഗത്ത് സംഘടിച്ച് കിളക്കുന്നതിനായി ആരംഭിച്ചു. എന്നാൽ കർഷക തൊഴിലാളികൾ വലിയ ഒരു ജാഥയായി കൃഷിപ്പണി തടയുന്നതിനായി ഒരുങ്ങി വന്നു. പോലീസിന്റെ ഭാഗത്തു നിന്നും സമയോചിതമായ ഇടപെടൽ ഉണ്ടായതുകൊണ്ട് വലിയ രക്തച്ചൊരിച്ചിൽ ഒഴിവായി. തടയുവാനായി വന്ന തൊഴിലാളികളെ എല്ലാം അറസ്റ്റ് ചെയ്തു തിരുവല്ല പോലീസ് സ്റ്റേഷനിൽ ഹാജരാക്കി കസ്റ്റഡിയിൽ സൂക്ഷിച്ചു. രണ്ടു കൂട്ടരും ബലം പ്രകടിപ്പിക്കാനായി ജാഥ സംഘടിപ്പിച്ചു. പോലീസ് കസ്റ്റഡിയിൽ നിന്ന് ഇറങ്ങിയ തൊഴിലാളികൾ തിരുവല്ലയിൽ നിന്നും ജാഥയായി കല്ലുങ്കലേക്ക് വരികയായിരുന്നു. കല്ലുങ്കലുള്ള കർഷകർ തിരുവല്ലായിലേക്ക് ജാഥ നയിച്ചു. ഷുഗർ കെയിൻ ഫാമിന് അടുത്തുവച്ച് രണ്ട് ജാഥയും കൂട്ടിമുട്ടുന്ന സ്റ്റേജ് വരെ എത്തി എങ്കിലും പോലീസിന്റെ ഇടപെടലാൽ ഒരു ജാഥ തിരിച്ച് ഫാമിന്റെ അകത്തു കൂടി വിട്ടതുകൊണ്ട് വലിയ രക്തചൊരിച്ചിൽ അവിടെയും ഒഴിവായി. സ്കൂൾ കുട്ടികളെ ഉപദ്രവിച്ചതിനാൽ തിരുവല്ലായിലെ സ്കൂളുകളിലും പഠിപ്പ് മുടക്കി സമരം വികസിപ്പിച്ചു. കല്ലുങ്കലിൽ പോലീസ് ക്യാമ്പ് ആരംഭിച്ചു. തിരുവല്ല എസ്.ഐ. യുടെ മേൽനോട്ടത്തിൽ കല്ലുങ്കൽ പോലീസ് ക്യാമ്പ് ആഴ്ചകളോളം ഉണ്ടായിരുന്നു. അങ്ങനെ നാട്ടിൽ സമാധാനം ഇല്ലാത്ത ഒരു അവസ്ഥ ഉണ്ടായി. അവസാനം കൂടിയാലോചനകൾക്ക് ശേഷം സമരം അവസാനിപ്പിക്കുകയും പോലീസ്ക്യാമ്പ് മാറ്റപ്പെടുകയും ചെയ്ത് സമാധാന അന്തരീക്ഷം കൈവരിക്കുന്നതിനു സാധിച്ചു. ഇത് ഇവിടെ അവസാനിപ്പിക്കാം.

അടിയന്തരാവസ്ഥ

1975-ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആ വർഷത്തെ ഗാന്ധിജയന്തി ദിനത്തിൽ നാട്ടിലെ റോഡുകളുടെ ശോച്യാവസ്ഥ കണ്ട് ശുചീകരണ ശ്രമത്തിന്റെ ഭാഗമായി റോഡിന്റെ രണ്ടു വശങ്ങളിലും വളർന്ന് കണ്ട പുല്ലും പത്തലുകളുമൊക്കെ ഒഴിവാക്കു

ന്നതിനായി കല്ലുങ്കൽ ഗ്രാമോദ്ധാരണ സമിതി രൂപീകരിച്ചു. അതിന്റെ പ്രവ ർത്തനവുമായി എല്ലാവരും സംഘടിച്ച് ശുചീകരണവുമായി മുൻപോട്ടു പോയി. ആ പ്രവർത്തനങ്ങൾ നല്ല വിജയം കണ്ടു എന്ന സാഹചര്യത്തിൽ റോഡിന്റെ വീതി കൂട്ടുന്നതിന് ആയിട്ടുള്ള താല്പര്യം ഉണ്ടായി. വെറും 8 അടി മാത്രം വീതിയുള്ള റോഡ് 24 അടി വീതിയിൽ വെട്ടുന്നതിനായി ഉള്ള ചർച്ചകൾ നടന്നു. ഇതിനായി റോഡിന് വേണ്ട സ്ഥലം തരുന്നതിനു വേണ്ടി സ്ഥലമുടമസ്ഥരുമായി കൂടിയാലോചിച്ചു. നല്ല ശതമാനം ആളുകളിൽ നിന്നും അനുകൂലമായ സാഹചര്യം ഉണ്ടായപ്പോൾ അതിന്റെ നടത്തിപ്പിനാ യിട്ട് വിപുലമായ ഒരു കമ്മിറ്റി രൂപീകരിച്ചു. അതിൽ അന്നത്തെ നമ്മുടെ എം.എൽ.എ. ആയ ബഹുമാനപ്പെട്ട ഈ ജോൺ ജേക്കബ്, പഞ്ചായത്ത് പ്രസിഡന്റ് അഡ്വക്കേറ്റ് ദാമോദരൻ പിള്ള, പമ്പ റിവർ ഫാക്ടറി ഡയറക്ടർ മേളാംപറമ്പിൽ എം. ഒ. വർഗീസ് എന്നിവരുടെ നേതൃത്വം ഉണ്ടായിരുന്നു. ഏതു കാര്യങ്ങൾക്കും രണ്ടു പക്ഷം എന്നതുപോലെ ഈ വഴിക്കും തടസ്സ ങ്ങൾ ഉണ്ടായിരുന്നു. എന്നാലും റോഡ് വീതി കൂട്ടി വെട്ടാൻ ഉള്ള തീരുമാ നവുമായി സമതി മുൻപോട്ടു തന്നെ പോയി. നാട്ടുകാർ എല്ലാം സംഘടിച്ചു നേതൃത്വത്തിന് സൗകര്യം ഉള്ള ദിവസം നോക്കി റോഡു വെട്ടാൻ തീരുമാ നിച്ചു. ബഹുമാനപ്പെട്ട മന്ത്രിക്ക് അസൗകര്യം ഉണ്ടായിരുന്നതിനാൽ പഞ്ചാ യത്ത് പ്രസിഡണ്ടും ഫാക്ടറി ഡയറക്ടറും വന്നു 24 അടി വീതിയിൽ ചരട് പിടിച്ച് റോഡ് വെട്ട് ഉദ്ഘാടനം ചെയ്തു. കുരിശുംമൂടിന്റെ അടുത്തുള്ള എന്റെ കരിമ്പ് വെട്ടി ആരംഭിച്ചു. പലവിധ പ്രതിസന്ധികൾ തുടർന്ന് ഉണ്ടാ യെങ്കിലും അതിനെ എല്ലാം തരണം ചെയ്യുന്നതിനു സാധിച്ചു. രണ്ടു ദിവസം കൊണ്ട് പാലം വരെയുള്ള റോഡിന്റെ ലൈൻ അടിച്ചു. പാലത്തിന്റെ അടു ത്തുള്ള ഒരു കാവ് നല്ല ഒരു തടസമായിരുന്നു. കാവിൽ കയറാൻ ആളുകൾ മടിച്ചു നിന്നപ്പോൾ ചെറുപ്പക്കാർ മുന്നോട്ട് വന്നു ആ കാര്യവും തരണം ചെയ്തു. ആനയും ചെണ്ടമേളവും ഉണ്ടായിരുന്നു. ആദ്യം കുറെ ദിവസങ്ങ ളിൽ എല്ലാ കാര്യവും ഉദ്ദേശിച്ചതുപോലെ നടന്നു. നല്ല സുഹൃത്തും സഹ പാഠിയുമായ വാഴത്തറയിൽ ജോർജുകുട്ടിയുടെ കല്യാണം ആയിരുന്നതി നാൽ കുറച്ചു സമയം സ്ഥലത്ത് നിന്നും ഞങ്ങൾക്ക് മാറി പോകേണ്ടി വന്നു. ഈ സമയം ചിറയിൽ കുഞ്ഞൂഞ്ഞ് ചേട്ടന്റെ ലൈനിന്റെ അകത്തു നിന്ന കുറെ തെങ്ങ് തൽപരകക്ഷികളായ കുറെ ആളുകൾ ചേർന്ന് ഓലയും തേങ്ങയും ഒന്നും ഇറക്കാതെ ചുവട് വെട്ടി മറിച്ചു. നല്ല കായ്ഫലം ഉണ്ടായി രുന്നതിനാൽ ആ വിളവ് ഇറക്കും വരെ ആ തെങ്ങുകൾ നിൽക്കട്ടെ എന്ന ഒരു ധാരണ സമിതിയുമായി ഉണ്ടായിരുന്നു. അതിനാൽ ഈ നഷ്ടം അവർക്ക് സഹിച്ചില്ല. ചിറയിലെ അമ്മയുടെ ബന്ധുവായിരുന്നു അന്നത്തെ ആലപ്പുഴ ഡി.എസ്.പി. കെ. വി. ഉമ്മൻ. അവർ തിരുവല്ലയിൽ പോയി അദ്ദേഹത്തെ വിളിച്ചു വിവരം അറിയിക്കുകയും അവിടെ നിന്നും തിരുവല്ല എസ്.ഐ. ക്കു കുറ്റം ചെയ്തവരെ എത്രയും പെട്ടെന്ന് വേണ്ടവിധം കൈകാര്യം ചെയ്യാൻ

ഓർഡർ വരികയും ചെയ്തു. ഇതൊന്നും അറിയാതെ കല്യാണസദ്യ കഴിച്ചുകൊണ്ടിരിക്കുന്ന സമയം അവിടെ പോലീസ് എത്തി എന്നറിഞ്ഞു. പണിക്കാർക്കായി ആഹാരം അടുത്തുള്ള പ്ളാറയിൽ വീട്ടിൽ ഒരുക്കിയി രുന്നു. പണിക്കാർ ആഹാരം കഴിച്ചു വിശ്രമിക്കാൻ പറഞ്ഞശേഷം ഞങ്ങൾ കുറച്ചുപേർ പണിയായുധങ്ങളുമായി ചിറയിൽ ഭാഗത്തു വന്നു. അപ്പോൾ അവിടെ കുറച്ചു ആളുകളെ തടഞ്ഞു വച്ച് പോലീസ് നിൽപുണ്ടായിരുന്നു. തിരുവല്ല എസ്.ഐ. ആയിരുന്ന കരീം സംഭവ സ്ഥലത്തില്ലായിരുന്നതിനാൽ അദ്ദേഹത്തിനുവേണ്ടി കാത്തു. ആ സമയം അവിടെ ഉണ്ടായിരുന്ന ചിലർ പോലീസ് ജീപ്പ് വരാതിരിക്കാൻ വെട്ടി ഇട്ട തടികൾ വലിച്ചു റോഡിൽ ഇട്ടു മാർഗതടസം ഉണ്ടാക്കി. അതിനാൽ ജീപ്പ് തെങ്ങേലിക്ക് പോകുന്ന വഴിയിൽ ഇട്ടു പോലീസുകാർ നടന്നു വന്നു. കൂട്ടത്തിൽ പരിചയമുള്ള ഹെഡ്കോൺ സ്റ്റബിൾ സുരേന്ദ്രൻ ഉണ്ടായിരുന്നു.

എസ്.ഐ. കരീമുമായി മുൻപരിചയമുണ്ടായിരുന്നതിനാൽ നേരിട്ട് അന്വേ ഷിച്ചു കാര്യം മനസ്സിലാക്കി. പിടിച്ചു വച്ച ആളുകളെ അറസ്റ്റ് ചെയ്തു പോലീസ് സ്റ്റേഷനിൽ ഹാജരാക്കുവാൻ കൊണ്ടുപോകണമെന്നു എസ്.ഐ. പറഞ്ഞു. അവരെ കൊണ്ടുപോകുന്നതിന്റെ കൂടെ ഞാനും തേലപുറത്തേ ജോണിച്ചായനും ജീപ്പിൽ കയറുന്നതിന് എസ്.ഐ. സമ്മതിച്ചു. അങ്ങനെ ഞങ്ങൾ എല്ലാവരും കൂടി ഏഴു പേരാണെന്നാണ് ഓർമ. ഞങ്ങൾ പാല ത്തിന്റെ അടുത്ത് എത്തിയപ്പോഴേക്കും നല്ല ഒരു ജനാവലി പാലത്തിന്റെ അടുത്ത് എത്തി. അടിയന്തിരാവസ്ഥ കാലമാണെന്നൊന്നും ഓർക്കാതെ സംഘടിച്ച് മുദ്രാവാക്യം വിളിച്ചു തിരുവല്ലയിലേക്ക് വരുകയാണ്. ഇത് മന സിലാക്കിയ പോലീസ് ഞങ്ങളെ പോലീസ് സ്റ്റേഷന്റെ വാതിലിൽ ഇറക്കി ഹെഡ്കോൺസ്റ്റബിൾ വർഗീസിനെ ഏൽപ്പിച്ചു സ്ഥലംവിട്ടു. ഈ സമയം കൊണ്ട് ആളുകൾ ചന്തമുക്കു വരെ എത്തി.

ആൾക്കൂട്ടത്തെ കണ്ട പോലീസ് ലാത്തിച്ചാർജ് നടത്തി. കയ്യിൽ കിട്ടിയ കുറെ പേരെ കൂടി പിടിച്ചു ജീപ്പിൽ കയറ്റി ഞങ്ങളുടെ അടുത്താക്കിയിട്ടു ജീപ്പ് പോയി വേറെ ഒരു ലോഡുമായി എസ്.ഐ. വന്നു പോലീസുമായി സംസാരിച്ച ശേഷം സ്ഥലംവിട്ടു. ഞങ്ങൾ എല്ലാവരും കൂടി ഇരുപതോളം പേര് കസ്റ്റഡിയിൽ. ആരുമായും ഒരു വിധമായ കോൺടാക്ട് ഇല്ലാതെ രാത്രി ഞങ്ങൾ കഴിഞ്ഞു. അവിടെ ഉണ്ടായിരുന്ന ബഞ്ചിലും തറയിലുമായി ആ രാത്രി കഴിച്ചു കൂട്ടി. രാവിലെ കാപ്പിയും ദോശയുമായി പുറത്തുണ്ടായിരുന്ന കുറച്ചു പേര് വന്നു. അപ്പോഴാണ് അകത്തുണ്ടായിരുന്നവരേക്കാൾ കൂടുതൽ അവർ വിഷമിച്ചിരുന്നു എന്നറിഞ്ഞത്. ആ രാത്രിയിൽ തന്നെ ചിലർ മങ്കൊമ്പ് വരെ വള്ളം തുഴഞ്ഞു പോയി ഇലഞ്ഞിക്കൽ ബേബിച്ചായനെ വിവരം അറിയിച്ചിരുന്നു.

ബേബിച്ചായൻ സഹായിക്കുന്നതിനായി ഉണ്ടായിരുന്നതിനാൽ അടിയന്തിരാവസ്ഥ ലംഘിച്ചുവെന്ന ക്ലോസ് കേസിൽ നിന്നും ഒഴിവായി. ഉച്ചയ്ക്ക് ഊണും ആ വരാന്തയിൽ ഇരുന്നു ഞങ്ങൾ കഴിച്ചു. 5 മണിയോടു കൂടി എല്ലാവരേയും പുറത്തു ഒരു ലൈനായി നിർത്തി മുമ്പിലും പിമ്പിലും പോലീസ് കാവലിൽ റോഡിൽ കൂടി നടത്തി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽ ഞങ്ങൾക്കായി ഒരുക്കിയ ബസിൽ കയറ്റി ചെങ്ങന്നൂർ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ ഇറങ്ങി. രാത്രി വളരെ വൈകി എല്ലാരും വീടണഞ്ഞു. ഞങ്ങൾ എല്ലാവരും പ്രതികളായി. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന എല്ലാ നല്ലവരായ നാട്ടുകാരെയും നന്ദിയോടെ ഓർക്കുന്നു. വേർപെട്ടുപോയ എല്ലാവർക്കുംവേണ്ടി ആദരാഞ്ജലികൾ അർപ്പിക്കുന്നു. ചെങ്ങന്നൂർ കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുന്ന സമയം വാദിയായ കുഞ്ഞൂഞ്ഞ് ചേട്ടനും ഭാര്യയ്ക്കും ഞങ്ങളുടെ നിരപരാധിത്വം മനസ്സിലായി. വൈകാതെ കേസ് പിൻവലിച്ചു. അങ്ങനെ എല്ലാവർക്കും ആശ്വാസമായി. ഇതിനിടയിൽ തന്നെ റോഡിന്റെ പണിയും മുന്നോട്ട് തന്നെ പോയിരുന്നു. ലോറിയിൽ കാട്ടുകല്ലും ചീങ്കപ്പാറയും ഇറക്കി റോഡിൽ വണ്ടിയുടെ ടയർ പോകുന്ന ഭാഗത്തു മറ്റു സമാനമനസ്കരുടെ സഹായത്തോടെ സേവനമായി നിരത്തിക്കൊണ്ടിരുന്നു. അങ്ങനെ റോഡ് പണി ഒരു വിധം ഒക്കെ ആയ സമയം പുളിക്കീഴ് ബ്ലോക്കിന്റെ വകയായി 5000 രൂപ പണിക്കുള്ള തുകയായി അനുവദിച്ചു. 50% മാത്രം തുക പണി തീർന്നു കഴിഞ്ഞു കിട്ടാം. തുക മുടക്കാൻ ചേരിയാപറമ്പിൽ ജോയി തയ്യാറായി. ജോയിയുടെ കൂടെ ഞങ്ങൾ മൂന്നു പേരു കൂടി ചേർന്ന് ആ ജോലിയുടെ ഉത്തരവാദിത്തം ഏറ്റെടുത്തു.

പ്ലാറയിൽ പൊന്നച്ചൻ, മാലിക് തങ്കച്ചായൻ എന്നിവരാണ് എന്റെ കൂടെയുണ്ടായിരുന്നത്. അവസാനം പണി തീർന്നപ്പോൾ പുളിക്കമാലിൽ ബാലൻ പിള്ളയുടെ വീട്ടിൽ വച്ചു എൻജിനീയറുമാർക്കായി ഒരു സൽക്കാരം നടത്താൻ സാധിച്ചു. ജോയി മുടക്കിയ തുക ബിൽ പാസാക്കി ബ്ലോക്കിൽ നിന്നും കിട്ടി.

കല്ലുങ്കൽ ബസ് സർവീസ്

റോഡിന്റെ പണി കഴിഞ്ഞു എന്നുള്ള വിവരങ്ങൾ മുറയ്ക്ക് ഞങ്ങൾ അതിനായി നേതൃത്വം നൽകിയവരേയും കേസിന്റെ കാര്യങ്ങളിൽ സഹായിച്ചവരേയും അറിയിക്കുക പതിവായിരുന്നു. അന്നത്തെ ഗതാഗത മന്ത്രിയായിരുന്ന ബഹു. നാരായണക്കുറുപ്പ്, ബഹു. ഇ. ജോൺ ജേക്കബ്, തിരുവല്ല ആർ.ടി.ഒ. എന്നിവർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസിൽ വച്ചു നടന്ന മീറ്റിംഗിൽ നമ്മുടെ റോഡിൽ കൂടിയുള്ള ബസിനുള്ള സാധ്യതയെക്കുറിച്ച് സംസാരിച്ചു. ഒരു ട്രയൽ റൺ നടത്തി നോക്കാനും തീരുമാനം

ആയി. അടുത്ത ദിവസം രാവിലെ തന്നെ തിരുവല്ലയിൽ വച്ച് ബഹു. മേളാം പറമ്പിൽ കൊച്ചൂഞ്ഞ് (എം. ഒ. വർഗീസ്) എന്നെ കണ്ട് വിവരം പറഞ്ഞു. നേരെ തിരുവല്ല സ്റ്റേഷൻ മാസ്റ്ററിനെ കാണാൻ സാധിച്ചു. അപ്പോൾ തന്നെ ഒരു ബസ് കല്ലുങ്കലേക്ക് വരാൻ തയ്യാറായി. ഇന്നത്തെ കാലത്തെ പോലെ മൊബൈൽ ഫോണോ ലാൻഡ് ഫോൺ സൗകര്യം പോലുമോ അന്ന് ഇല്ല. ഞാൻ എന്റെ സൈക്കിൾ ഒരു സ്ഥലത്ത് പൂട്ടി വച്ചു വണ്ടിയിൽ കയറി. എന്നോടൊപ്പം സ്റ്റേഷൻ മാസ്റ്റർ, ചെക്കിംഗ് ഇൻസ്പെക്ടർ, കണ്ടക്ടർ, ഡ്രൈവർ എന്നിവർ മാത്രം. വണ്ടി യാതൊരു ആപത്തും കൂടാതെ ട്രയൽ റൺ കഴിഞ്ഞു തിരിച്ചു വരണമേയെന്നുള്ള പ്രാർത്ഥനയോടെ ഞാനിരുന്നു. വലിയ ബുദ്ധിമുട്ടില്ലാതെ മദനശേരികടവിൽ എത്തിയപ്പോൾ അവിടെ വണ്ടി തിരിച്ചു വിടത്തക്ക രീതിയിൽ കാര്യങ്ങൾ നടത്തുകയാണ്. കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി, ഇതല്ല നമ്മുടെ പോയന്റ് എന്ന് ബസിൽ ഉണ്ടായിരുന്നവരെ ധരിപ്പിച്ചു. അങ്ങനെ വണ്ടി മുന്നോട്ടു പോയി. കുരിശിന്റെ അവിടെ വന്നു. എന്നാൽ അവിടെ വണ്ടി തിരിഞ്ഞുപോകാൻ വലിയ ബുദ്ധിമുട്ട് ആയിരുന്നു. പടിഞ്ഞാറേ പള്ളിയുടെ കുരിശുംമൂട് ഒരു വശത്തും നെടുവേലിപ്പറമ്പിൽ ബേബിച്ചായന്റെ തെങ്ങ് മറുവശത്തുമായി ഉള്ളതുകൊണ്ട് വണ്ടി തിരിച്ചെടുക്കുക പ്രശ്നം. എന്തായാലും വണ്ടി അവിടെ നിന്നും തിരിച്ചു വിടണം. കൂടുതലായി ഒന്നും ചിന്തിക്കാതെ ഒരു കമ്പിപ്പാര ഉപയോഗിച്ച് കുരിശിന്റെ തട്ടുകൾ ഞാൻ തന്നെ പൊളിക്കുവാൻ തുടങ്ങി. പിന്നാലെ മറ്റുള്ളവരും കൂടി ആവശ്യം വേണ്ട ഭാഗം പൊളിച്ചു മാറ്റി. ഇതിൽ യാതൊരു വിധമായ എതിർപ്പും കാണിക്കാഞ്ഞ പടിഞ്ഞാറേ പള്ളി ഇടവകക്കാരുടെ സഹകരണം വളരെ നന്ദിയോടെ ഞാൻ ഓർക്കുന്നു. എന്നിട്ടും വണ്ടി തിരിയാതെ വന്നു. ബേബിച്ചായന്റെ തിട്ട ഇടിച്ച് അവിടെയുള്ള തെങ്ങും വെട്ടിയെങ്കിൽ മാത്രമെ വണ്ടി പ്രയാസം കൂടാതെ തിരിക്കാൻ സാധിക്കൂ എന്ന ഡ്രൈവറുടെ അഭിപ്രായം സ്വീകരിച്ച് അതും നടപ്പാക്കാൻ തീരുമാനിച്ചു. എന്നാൽ പൂച്ചയ്ക്ക് ആരു മണി കെട്ടും. ബേബിച്ചായനെ കാര്യം പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു. എന്നാൽ സമ്മതിക്കില്ല. അപ്പോൾ കൈയിൽ ഉണ്ടായിരുന്ന തുറുപ്പുചീട്ടു ഞാനെടുത്തു ബേബിച്ചായന്റെ മകൾ അമ്മിണിയുടെ മരണസാഹചര്യം ഓർക്കാൻ പറഞ്ഞു. ഞാൻ തന്നെ തിട്ട ഇടിക്കും. തെങ്ങ് വെട്ടിക്കും എന്നു പറഞ്ഞ് ഞാൻ തന്നെ മമ്മട്ടി എടുത്തു. എന്നാൽ ബേബിച്ചായൻ മമ്മട്ടി പിടിച്ചു വാങ്ങി എന്നെ അതുകൊണ്ട് ഇടിക്കുവാൻ വരികയും ചെയ്തു. അപ്പോഴും ഞാൻ എന്റെ കൈവശമുള്ള തുറുപ്പുചീട്ടു വീണ്ടും എടുത്തു. ബേബിച്ചായൻ ഒരുവിധം തണുത്തു കഴിഞ്ഞപ്പോൾ തിട്ട ഇടിച്ചു. തെങ്ങ് വെട്ടുന്നതിനായി ശങ്കരൻ ഉണ്ടായിരുന്നു. ഇതൊക്കെ നടക്കുന്നതിനിടയിൽ പറഞ്ഞറിഞ്ഞു വളരെ അധികം ആളുകൾ കൂടിയിരുന്നു. ദൈവാനുഗ്രഹത്താൽ യാതൊരു പ്രശ്നവും ഇല്ലാതെ വണ്ടി തിരിച്ചു. എല്ലാവർക്കും സന്തോഷം. ബസിൽ തിരിച്ചു തിരുവല്ലായ്ക്ക് പോകുന്നതിനായി പള്ളത്ത്

തങ്കച്ചായനേയും വാലയിൽ ജോർജ്ജുകുട്ടിയേയും കൂടെ കൂട്ടി. കെ.എസ്. ആർ.ടി.സി. സ്റ്റേഷനിൽ വണ്ടി എത്തി കഴിഞ്ഞ് കെട്ടിടത്തിൽ തന്നെ ഉള്ള ജ്യൂസ് കടയിൽ കയറ്റി എല്ലാവരേയും നല്ലതായി സൽക്കരിക്കുന്നതിനും സാധിച്ചു. താമസിക്കാതെ തന്നെ കല്ലുങ്കൽ - കോട്ടയം റൂട്ടിൽ ഷെഡ്യൂൾ സമയം ബോർഡിൽ രേഖപ്പെടുത്തി. രാവിലെ 9 മണിക്ക് കല്ലുങ്കൽ എത്തി തിരിച്ചു കോട്ടയം വരെ പോയി തിരിച്ചു തിരുവല്ലയിൽ എത്തും. വൈകിട്ട് 5 മണിക്ക് കല്ലുങ്കൽ എത്തി തിരിച്ചുപോകും. ഓരോ പ്രാവശ്യം വണ്ടി വരുമ്പോൾ വീൽ മണ്ണിൽ താണു വലിയ തോടുപോലെ ചില ഭാഗത്തു കാണപ്പെട്ടു. രാത്രിയിൽ അന്നത്തെ നല്ലവരായ ചെറുപ്പക്കാർ സംഘടിച്ചു മണ്ണും ഇഷ്ടിക കളത്തിൽ നിന്നും കിട്ടുന്ന മുറി ഇഷ്ടികയും ഇട്ടു റോഡ് വീണ്ടും പഴയ രീതിയിൽ ആക്കും. പല ദിവസവും ഇതു തുടർന്നു. വള്ളത്തിൽ പോയി ഇരമല്ലിക്കരയിൽ നിന്നും പൊടി ഇഷ്ടിക എടുക്കുന്നതിനിടെ ഇഴജന്തുക്കളെ വരെ വാരിക്കോരി കൊട്ടയിൽ ഇട്ടതും ഓർമ്മയിൽ മായാതെ ഉണ്ട്. ബസിന്റെ സീറ്റ് നിറഞ്ഞു പോകുന്നതിനായി സ്കൂൾ കുട്ടികൾക്കും ടിക്കറ്റ് എടുത്തു കൊടുത്തു ബസിൽ കയറ്റി വിടുക പതിവായിരുന്നു.

ബസ്സു മറിഞ്ഞു

ബസ് സർവീസ് ഷെഡ്യൂൾ അനുസരിച്ചു ഓടി. മഴക്കാലം ആയപ്പോൾ യാത്ര കുറച്ചു ബുദ്ധിമുട്ടായി. മിക്കവാറും ദിവസങ്ങൾ വണ്ടി വരുന്ന സമയം ഞങ്ങൾ കുറെ ആളുകൾ കുരിശിന് സമീപം ഉണ്ടായിരിക്കും. ഒരു ദിവസം ബസ് എത്തിച്ചേരുന്ന സമയം കഴിഞ്ഞിട്ടും കാണാതെ ഞങ്ങൾ കാത്തിരിക്കുന്ന സമയം അറിഞ്ഞത്, ചിറയിൽപടിക്കൽ ബസ് താഴ്ചയിലേക്ക് ഇറങ്ങി ചരിഞ്ഞു നിൽക്കുന്നു എന്നാണ്. അപ്പോൾ തന്നെ ഞങ്ങൾ അവിടേക്ക് പോയി. ഡ്രൈവറും കണ്ടക്ടറും എന്തു ചെയ്യണം എന്നറിയാതെ അവിടെ ഉണ്ട്. സ്ഥലത്ത് ഒരു തെങ്ങ് ഉയരത്തിൽ നിൽപ്പുണ്ടായിരുന്നതിനാൽ അതിൽ വടം കെട്ടി വലിച്ചു കയറ്റി വിടാമെന്ന് ഉറപ്പിച്ചു കപ്പിയും വടവും സംഘടിപ്പിക്കുന്നതിനായുള്ള ശ്രമമായി. ഫാക്ടറിയിൽ നിന്നും വടവും ചെയിൻബ്ലോക്കും എത്തിച്ചു അവയുടെ സഹായത്താൽ ബസ് കരയ്ക്ക് കയറ്റി ഞങ്ങൾ ബസ് തിരികെ സ്റ്റേഷനിൽ എത്തിച്ചിട്ടാണ് വീട്ടിൽ എത്തിയത്. ഞങ്ങളുടെ സഹകരണം അടുത്ത ദിവസവും ബസ് കൊണ്ടുവരാൻ ഡ്രൈവർക്കു മനസായി. ഇടക്കാലത്ത് മുടങ്ങിയെങ്കിലും ഇപ്പോഴും ഈ ബസ് സർവീസ് ഉണ്ട് എന്ന് അഭിമാനിക്കാം.

വീണ്ടും വേറെ ഒരു കേസ്. അന്ന് ഞാൻ സ്ഥലത്തില്ലായിരുന്നു. തിരുവനന്തപുരം വരെ ഞാൻ ഒരു ആവശ്യത്തിനായി പോയിരുന്നു. തിരിച്ചു ഫാക്ടറി പടിക്കൽ ബസിൽ വന്നിറങ്ങിയപ്പോൾ കല്ലുങ്കൽ വഴി പ്രശ്നമായിട്ട് പ്ലാറയിലെ പൊന്നച്ചനും പുല്ലേലിമാലിക്ക് തങ്കപ്പനുമായി വാക്കുതർക്കവും മർദ

നവും നടന്നു എന്ന് ഞാനറിഞ്ഞു. ഒന്നും സംഭവിച്ചിട്ടില്ല എന്ന രീതിയിൽ ഞാൻ വീട്ടിൽ എത്തി തുണി മാറി സൈക്കിൾ എടുത്തു എന്ത് സംഭവിച്ചു എന്നറിയുന്നതിനായി കിഴക്ക് ഭാഗത്തേക്ക് പോയി. പൊന്നച്ചൻ തിരുവല്ല ആശുപത്രിയിൽ ആണെന്നറിഞ്ഞ് അവിടേക്ക് പോയി കണ്ടു. ആ കാഴ്ച വളരെ വേദന ഉളവാക്കി. കൂടുതൽ ആലോചിച്ചു സമയം കളയണ്ട എന്ന് കരുതി അടുത്ത നാഷണൽ പ്രസ്സിൽ പോയി ഒരു ചെറിയ നോട്ടീസിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി. അവിടെ നിന്നും ടെലിഫോൺ വഴി ബന്ധപ്പെടാവുന്ന നേതാക്കന്മാരെ ബന്ധപ്പെട്ട് നടന്ന കാര്യങ്ങൾ അവരെയും ബോധിപ്പിച്ചു. ഒരു പ്രതിഷേധ മീറ്റിംഗ് സംഘടിപ്പിക്കാൻ ആയി അവരുടെ എല്ലാം അഭി പ്രായം ചോദിച്ചറിഞ്ഞു. അതിൻപ്രകാരം തൊട്ടടുത്ത ഞായറാഴ്ച ഉച്ചയ്ക്ക് കിഴക്കേ സെന്റ് ഇഗ്നേഷ്യസ് കുരിശിൻതൊട്ടിയുടെ സമീപമായി ഒരു മീറ്റിംഗ് സംഘടിപ്പിക്കുക എന്ന് തീരുമാനിച്ചു. അതിന്റെ അധ്യക്ഷനായി ബഹുമാനപ്പെട്ട തുണ്ടിയിൽ പോത്തൻ സാറും പ്രസംഗിക്കുന്നതിനായി എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നും ഓരോരുത്തരെ വിളിക്കാമെന്നും തീരു മാനിച്ചു. അതനുസരിച്ചു എം. വി. ജി. നമ്പൂതിരി (കോൺഗ്രസ്), സി. പി. കുട്ടപ്പൻ (സി.പി.എം.), അപ്പുക്കുട്ടൻ ആദിശേർ (സി.പി.ഐ.), കെ. കെ. ഫിലിപ്പ് (കേരള കോൺഗ്രസ്) എന്നിവരെ പ്രതിഷേധം അറിയിക്കുന്നതി നായി ക്ഷണിച്ചു. അവർ വരാമെന്നും സമ്മതിച്ചു. അതനുസരിച്ച് നോട്ടീസ് അച്ചടിച്ചു നാട്ടിൽ മുഴുവനും വിതരണം ചെയ്തു. നേരിൽ കണ്ടവരെ ക്ഷണിച്ചും മീറ്റിംഗിന് വേണ്ട ക്രമീകരണങ്ങൾ എല്ലാം ചെയ്തു. മൈക്ക് സെറ്റ് എല്ലാം ഉണ്ടായിരുന്നു. സ്വാഗത പ്രസംഗം എന്റെ വകയായിരുന്നു. എന്റെ മനസ്സിൽ ഉണ്ടായിരുന്ന വിഷമം എല്ലാം ഞാൻ മൈക്കിലൂടെ തുറന്നു പറഞ്ഞു. അപ്പോഴാണ് നാട്ടുകാർക്കും കാര്യം ശരിക്കും മനസ്സിലായത്. പ്രസംഗിച്ചവർ എല്ലാം പൊന്നച്ചനോടു കാണിച്ച അതിക്രമങ്ങളെ നിശിത മായി വിമർശിച്ചു. ആക്രമിച്ച ആളിനോടായി, ഇങ്ങനെ മേലിൽ ഉണ്ടായാൽ എല്ലാ പാർട്ടികളും ചേർന്ന് പ്രതികരിക്കുമെന്നും മുന്നറിയിപ്പ് കൊടുത്തു യോഗം പിരിഞ്ഞു. എന്നാൽ അടുത്ത ദിവസം രണ്ടു പോലീസുകാർ വന്ന് ഞാനും പോത്തൻ സാറും പ്രതികളാണെന്നും അടുത്ത ദിവസം പോലീസ് സ്റ്റേഷനിൽ ഹാജരാകണമെന്നും അറിയിച്ചു. അങ്ങനെ വീണ്ടും ഒരു കേസ് കൂടി. എന്റെ നാട്ടിലെ ജീവിതത്തിലെ അവസാന കേസ്. പൊന്നച്ചന് ഖത്ത റിൽ പോകാൻ വിസ കിട്ടി. പോലീസിൽ പിടികൊടുക്കാതെ ഇലന്തൂരുള്ള അമ്മവീട്ടിൽ പോയി അവിടെനിന്നും നേരെ പോവുക ആയിരുന്നു. പിന്നെ പൊന്നച്ചന്റെ ജേഷ്ഠൻ രാജനും ഞാനും പോത്തൻ സാറും മാത്രമായി പ്രതി കൾ. സർക്കാർ കേസ് മുറപോലെ നടന്നുകൊണ്ടിരുന്നു. പല അവധികളും കഴിഞ്ഞ് കേസ് നീണ്ടു പോയി. 1978-ൽ എനിക്കും ബഹറിനിൽ വരുന്ന തിനു വിസ വന്നു. ഏപ്രിൽ മാസം ആരോടും യാത്ര പറയാതെ കോടതി യിൽ പോയി. അന്നത്തെ കേസിൽ ഹാജരായി അവിടെ നിന്നും കുഞ്ഞു

മത്തായിയുടെ ഓട്ടോയിൽ റയിൽവേ സ്റ്റേഷനിൽ പോയി ബോംബെക്കുള്ള തീവണ്ടി കയറി. യാത്ര അയക്കാനായി കൂട്ട് പ്രതികളും കുഞ്ഞു മത്താ യിയും മാത്രം. ബോംബേയിൽ കുറച്ചു ദിവസങ്ങൾ നിന്ന ശേഷം 1978 മെയ് മാസം ബഹറിനിൽ എത്തിച്ചേർന്നു.

സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് സുറിയാനി പള്ളി, കല്ലുങ്കൽ

എന്റെ പ്രവാസ ജീവിതം

47 വർഷത്തെ കഥകൾ ഉള്ളതിന്നാൽ വേറെ ഒരു ഭാഗത്തു വിവരിക്കാം.

കുടുംബ വിശേഷം

കല്ലുങ്കൽ മുണ്ടാറ്റംകുഴി കുടുംബ വിശേഷങ്ങൾ. സാധാരണ കർഷക കുടുംബം. നിരണം സെന്റ് വലിയപള്ളി ഇടവകയിൽപെട്ട ഒരു കുടുംബം. മോഴശേരിയിൽ കുടുംബവുമായി അടുത്ത സഹകരണമായിരുന്നു. കൂടുതൽ വിവരം അറിയുന്ന ആരും ഇല്ലാത്തതിനാൽ വിവരണത്തിന് മുതിരുന്നില്ല. കുടുംബ വിശേഷം തുടരാം. വല്യ വല്യപ്പച്ചന്റെ ഭാര്യ മരിച്ചു നിരണം വലിയപള്ളിയിൽ അടക്കം ചെയ്തു. 1900-ന്റെ ആദ്യ കാലത്തായിരുന്നു വല്ല്യമ്മച്ചിയുടെ മരണമെന്നും നിരണം വരെ കൊണ്ടുപോയി അടക്കം ചെയ്യാൻ വളരെ ബുദ്ധിമുട്ട് അനുഭവിച്ചുവെന്നും കേട്ടിട്ടുണ്ട്.

സെന്റ് ഇഗ്നേഷ്യസ് പള്ളി

എങ്ങനെയെങ്കിലും ഈ ബുദ്ധിമുട്ടുകളൊഴിവാക്കുന്നത് അത്യാവശ്യം എന്ന് മനസ്സിലാക്കി സമാനചിന്താഗതിയുള്ള മറ്റുള്ള വീട്ടുകാരെ കൂടെ കൂട്ടി പുതിയ ഒരു പള്ളി കല്ലുങ്കൽ തന്നെ ആരംഭിക്കുന്നതിനെ കുറിച്ചു നിരണം പള്ളി വികാരിമാരും ഭദ്രാസന മെത്രാപ്പോലീത്തായുമായും ചർച്ചകൾ നടന്നു. അതിന്റെ ഫലമായി പള്ളിക്ക് അനുവാദം കിട്ടി. പള്ളി എവിടെ പണിയും എന്നായി ആലോചന. തുരുത്തികുന്ന്, മണലേൽ എന്നീ സ്ഥലങ്ങളുമായി ആളുകൾ തിരുമേനിയെ സമീപിച്ചു. അടുത്ത കുർബാനയുള്ള ദിവസം വള്ളിക്കാട്ടു ദയറായിൽ വരുന്നതിനും കുർബാനയിൽ രണ്ടു പേരുകളും ത്രോണോസിൽ വച്ച് കുർബാന ചൊല്ലിയശേഷം നറുക്കിട്ടെടുത്ത് കിട്ടുന്നിടത്ത് പള്ളി പണിയണമെന്നുമുള്ള ധാരണയിൽ രണ്ട് ഭാഗത്തുള്ള ആളുകൾ ദയറായിൽ എത്തി. ബാവാ തിരുമേനി കുർബാന ചൊല്ലി നറുക്കെടുത്തു വായിച്ചു 'തുരുത്തികുന്ന്' എന്ന്. ഇത് ഇനിയും 'ത്രിത്ത്വക്കുന്നു' ആണ് ഇവിടെ നിങ്ങൾ ദേവാലയം പണിയുക എന്ന് പരിശുദ്ധ ബാവാ തിരുമേനി ആശംസിച്ച് എല്ലാവരെയും യാത്രയാക്കി. എന്നാൽ രണ്ടു പള്ളികൾ തന്നെ തീർന്നു. കുടുതലായി അതിനെക്കുറിച്ചുള്ള വിവരണത്തിന് മുതിരുന്നില്ല. സെന്റ് ഇഗ്നേഷ്യസ് പള്ളി (തീയ്ക്കടുത്ത മാർ ഇഗ്നാത്തിയോസ്) ബാവായുടെ മഹനീയ മദ്ധ്യസ്ഥതയിലുള്ള ചുരുക്കം ചില പള്ളികളിൽ ഒന്നായി

കല്ലുങ്കൽ പഴയ പള്ളിയുടെ അനുമതി 1925-ൽ കിട്ടി. ആദ്യം ഓല മേഞ്ഞ ഷെഡിൽ ആരാധന തുടങ്ങി എങ്കിലും താമസിയാതെ അത് അഗ്നിക്കിര യായി. കാരണം ഇന്നും നിഗൂഡമാണ്. താമസംവിനാ പുതിയ പള്ളിയുടെ പണിയും അത്യാവശ്യം ആയി വന്നു. എന്റെ പ്രപിതാമഹൻ മുണ്ടാറ്റുംകുഴി യിൽ ഗീവറുഗീസ് ഇട്ടി ഈ പള്ളിയുടെ 1927-29 കാലത്തെ കൈക്കാരനായും സെക്രട്ടറി ആയും സേവനം ചെയ്തിരുന്നുവെന്ന് വളരെ അഭിമാനത്തോടെ ഓർക്കുന്നു. 1930-ൽ വല്ല്യപ്പച്ചൻ അന്തരിച്ചു. ഇടവകപള്ളിയുടെ തെക്ക് വശത്തുള്ള കല്ലറയിൽ അന്ത്യവിശ്രമം കൊള്ളുന്നു. പുതിയ പള്ളി 2000-ാം ആണ്ടിൽ പൂർത്തി ആയി.

ഞങ്ങളുടെ ഈ വല്ല്യവല്ല്യപ്പച്ചന് അഞ്ചു മക്കളായിരുന്നു. മൂന്ന് ആണും രണ്ട് പെണ്ണും. അവരുടെ പേരുകൾ:

1 ഇട്ടി ഗീവറുഗീസ്സ്.
2 ഇട്ടി ഔസേഫ്.
3 ഇട്ടി തോമസ്സ്.
4 മറിയാമ്മ.
5 അച്ചാമ്മ.

ഇട്ടി ഗീവർഗീസ്സ്

സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞു കുടുംബത്തിൽ കൃഷിയുമായി കഴിഞ്ഞു. ഭാര്യ. കാടുവെട്ടൂർ കീച്ചേരിൽ ശോശാമ്മ. അമ്മച്ചിക്ക് മൂന്നു സഹോദരങ്ങളും ഒരു ജേഷ്ഠത്തിയും ഉണ്ടായിരുന്നു. ജേഷ്ഠത്തിയെ ചെങ്ങ ന്നൂർ ചന്തയുടെ സമീപമായി പെരുമാൾ എന്ന ആൾ കല്യാണം കഴിച്ചു. അവരുടെ മക്കൾ ചെങ്ങന്നൂർ പല ഭാഗത്തു താമസിക്കുന്നു. അതിലും രണ്ടു പെൺമക്കൾ ഉണ്ടായിരുന്നു - ഉള്ളന്നൂരെ പെണ്ണമ്മ കൊച്ചമ്മയും ചെങ്ങന്നൂർ മുപ്പറയിൽ തങ്കമ്മ കൊച്ചമ്മയും (Grace Motors). സഹോദരങ്ങളിൽ മൂന്ന് പേരും കുടുംബസ്വത്ത് വിറ്റു പല ഭാഗത്തായി ഇപ്പോൾ അവരുടെ മക്കളും കൊച്ചുമക്കളും താമസിക്കുന്നു.

മൂത്ത അപ്പച്ചൻ പുളിക്കീഴ് പാലത്തിന്റെ താഴെയുള്ള ഭാഗത്തു സ്ഥലം വാങ്ങി അവിടെ താമസമാക്കി. അപ്പച്ചന് മക്കൾ ആയി കുഞ്ഞൂഞ്ഞ്, കുഞ്ഞപ്പി എന്ന് രണ്ടു ആണും രണ്ടു പെണ്ണും ഉണ്ടായിരുന്നു. ആൺമക്കൾ അവിടെതന്നെ താമസം തുടരുന്നു. മൂത്ത മകളെ തിരുവൻവണ്ടൂരെ കയ്യാല യ്ക്കലും ഇളയ മകളെ ചെങ്ങന്നൂർ കരിങ്ങാട്ടിലും കല്യാണം കഴിച്ചു. ഇപ്പോൾ അവരുടെ മക്കളും കൊച്ചുമക്കളും ആണുള്ളത്.

ഇട്ടി ഗീവറുഗീസും ശോശാമ്മയും

രണ്ടാമത്തെ സഹോദരൻ ഉമ്മൻ

കല്ലുങ്കൽ മുളമൂട്ടുമാലിക് താമസം. അന്ന് അപ്പച്ചന് ഗവണ്മെന്റ് ജോലിയുണ്ടായിരുന്നു. അപ്പച്ചന്റെ മകൻ ജോർച്ചായൻ. ഒരു സഹോദരിയുണ്ടായിരുന്നതിനെ വേങ്ങൽ കല്യാണം കഴിപ്പിച്ചു. ജോർജച്ചായന് രണ്ടു ആൺമക്കളും നാല് പെൺമക്കളും ആയിരുന്നു. ആൺമക്കൾ തങ്കച്ചൻ, ജോയി. ഇവർ കല്ലുങ്കൽ, കിഴക്കംമുറി എന്നിവിടങ്ങളിൽ കുടുംബസമേതം താമസിക്കുന്നു. കിഴക്കേപള്ളി ഇടവക അഗങ്ങളാണ്.

മൂന്നാമത്തെ സഹോദരൻ കാരക്കാട്ട് വരിക്കുലേത്ത്, ഭാര്യവീടിനടുത്ത്, വീട് വെച്ചു താമസിച്ചു. ഒരു മകൻ ജോർജച്ചായൻ, exservice. ഒരു സഹോദരിയും വിവാഹം കഴിഞ്ഞു കുടുംബസമേതം ഉണ്ട്. ജോർജച്ചായന്റെ നാലു ആൺ മക്കളും കാരക്കാട്ട് അമ്പലത്തിന്റെ തെക്ക്ഭാഗത്തായി എം.സി. റോഡിന്റെ പടിഞ്ഞാറെ സൈഡിൽ നാലു വീടുകളിലായി കുടുംബസമേതം താമസിക്കുന്നു. മക്കളുടെ പേര് വിവരം. ബേബി, രാജു, ജോയി, ബാബു. രണ്ടു സഹോദരികൾ വിവാഹിതരായി കുടുംബസഹിതം ഉണ്ട്. ഇട്ടി

ഗീവറുഗീസ് അപ്പച്ചൻ 1974 ജനുവരി 20-നും അമ്മച്ചി 1973 സെപ്റ്റംബർ 20-നും ഇഹലോകം വെടിഞ്ഞു. മക്കൾ നാല് പേര്. അവർ ഗീവറുഗീസ് - കൊച്ചുണ്ണൂണ്ണി, മാത്യു - കുഞ്ഞു മത്തായി, ജോർജ് - ജോർജുകുട്ടി, തങ്കമ്മ.



മൂത്ത മകൻ കൊച്ചുണ്ണൂണ്ണി

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു കുടുംബത്തിലെ സാമ്പത്തികപ്രശ്നങ്ങൾ കാരണം ചെറുതായി ഒരു ബിസിനസ് തുടങ്ങി. കല്ലുങ്കൽ തന്നെ പലചരക്കു കട. കുടുബവീടിന് അടുത്തുള്ള ചിറകളിൽ കൂടിയുള്ള വഴിയരികിൽ തന്നെ തരപ്പെടുത്തി. അങ്ങനെ കല്ലുങ്കലെ ഒരു കൊച്ചുമുതലാളിയായി. വർഷങ്ങൾ കടന്നുപോയി. അതിനിടയിൽ കല്യാണം കഴിക്കാൻ ആലോചിച്ചു. ചെങ്ങന്നൂർ തച്ചമ്പറമ്പിലെ മൂത്ത മകൻ സ്കറിയയുടെ മൂത്ത മകൾ തങ്കമ്മയെ കല്യാണം കഴിച്ചു. അമ്മ കല്യാണം വരെയും ചെങ്ങന്നൂർ തന്നെയാണ് വളർന്നത്. അവിടെ അപ്പച്ചന്റെ നാല് സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. ഇവർ എല്ലാവരും കാലയവനികയിൽ മറഞ്ഞുവെങ്കിലും അവരുടെ പിൻതലമുറക്കാർ തിരുവൻവണ്ടൂരും ചെങ്ങന്നൂരും താമസിക്കുന്നുണ്ട്. മൂത്ത സഹോദരി ഉതുമൂട്ടിലും ഇളയ സഹോദരിയെ മംഗലത്തും വിവാഹം കഴിച്ചയച്ചു. അമ്മയുടെ അമ്മ നാക്കട കാഞ്ഞരംനിൽക്കുന്നതിൽ വീട്ടിലെ മൂത്ത മകൾ ആയിരുന്നു. അമ്മയും മൂത്ത മകൾ. അഞ്ചു

സഹോരന്മാരും രണ്ടു അനുജത്തിമാരും. **കുഞ്ഞൂഞ്ഞ്** (late) ഭാര്യ (late) മേരി, വീട് പെണ്ണുക്കര.

മൂന്നു മക്കൾ - **സൂസമ്മ**, വല്യച്ചായനുണ്ടായ മകൻ ചെറിയ പ്രായത്തിൽ മരിച്ചുപോയതിനാൽ കുടുംബം സൂസമ്മക്കായി. ഭർത്താവ് (late) കുറിയാക്കോസ്. പ്രവാസി ആയിരുന്നു. രണ്ടു മക്കൾ ഉണ്ട്. അകാലത്തിൽ മരണം. മക്കൾ: മോൻസി കുറിയാക്കോസ്. കല്യാണം കഴിഞ്ഞു. ഭാര്യയുമായി ജോലി സ്ഥലമായ എറണാകുളത്തു താമസം. മകൾ റെക്സി കുറിയാക്കോസ് പഠിത്തം കഴിഞ്ഞു ഇപ്പോൾ ജോലി ചെയ്യുന്നു.

ലിസി. ഓതറ വാലയിൽ, ഉമ്മനാണ് (സണ്ണി) ഭർത്താവ്. ബഹ്റൈനിൽ കുറെനാൾ പ്രവാസിയായിരുന്നു. ഇപ്പോൾ കുടുംബസഹിതം നാട്ടിൽ. ഒരു മകൾ ലിൻസി. വിവാഹം കഴിഞ്ഞു. ഒരു കുട്ടി ഉണ്ട്.

ജോളി പുനലൂർ ലാലച്ചൻ (വർഗീസ്) ആണ് ഭർത്താവ്. ഇവർ പ്രവാസ ജീവിതം മതിയാക്കി ബിസിനസ് സംബന്ധിച്ച് ഇപ്പോൾ എറണാകുളത്ത് താമസം. രണ്ടു ആൺ മക്കൾ.

അവറാച്ചൻ (അബ്രഹാം) നാട്ടിൽ വിദ്യാഭ്യാസം കഴിഞ്ഞു ഗ്വാളിയറിൽ പോയി ജോലി ചെയ്തു. ഭാര്യ മംഗലത്ത് അമ്മിണി. മൂന്നു മക്കൾ. **ബിജു**, മദ്ധ്യപ്രദേശത്ത് ജോലി ആയി കുടുംബമായി താമസം. **സജി**. ദുബായിയിൽ ജോലി ആയി ഭാര്യയും രണ്ടു കുട്ടികളും. കുടുംബമായി ദുബായിയിൽ താമസം. **ലിജു**. നാട്ടിൽ തന്നെ. ഭാര്യ. ഷൈനി. രണ്ടു പേർക്കും മുത്തൂറ്റ് ഫിനാൻസ് കമ്പനിയിൽ ജോലി. രണ്ടു കുട്ടികൾ.

പൊടിയൻ (കെ. എസ്. ഫീലിപ്പോസ്) നാട്ടിൽ പഠനത്തിനുശേഷം ഭോപ്പാലിൽ ജോലി ചെയ്തു. അവിടെതന്നെ ജോലിയുണ്ടായിരുന്ന ലീലാമ്മ ഭാര്യ. ഇപ്പോൾ തിരുവൻവണ്ടൂരിൽ കുടുംബവീട്ടിൽ താമസം. മകൾ **മിനി**യെ വകയാർ Jenson വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു മക്കൾ. പ്രവാസി ആയിരുന്നു. മകൻ **മിനീഷ്**. തമിഴ്നാട്ടിൽ ജോലി. ഭാര്യ ബിന്ദു. കുട്ടികളുമായി അവിടെ കഴിയുന്നു.

കുഞ്ഞുമോൻ (കെ. എസ്. തോമസ്) നാട്ടിൽ വിദ്യാഭ്യാസം കഴിഞ്ഞു ജേഷ്ഠന്മാരെപോലെ മദ്ധ്യപ്രദേശിൽ ജോലിക്ക് പോയി. താമസിയാതെ Indian Air force-ൽ ജോലി കിട്ടി. പിന്നീട് കല്യാണം കഴിഞ്ഞു. ഭാര്യ ലീലാമ്മ. അമേരിക്കയിലേക്ക് ജോലി മാറി. മക്കൾ: Zech Thomas, Leena Thomas, Reens Thomas. എല്ലാവരും അമേരിക്കയിൽ താമസിക്കുന്നു.

ജോണി അകാലത്തിൽ വടക്കേ ഇന്ത്യയിൽ വച്ച് മരണപ്പെട്ടു.

സഹോദരിമാർ

1. കുഞ്ഞൂഞ്ഞമ്മ. ആല നെല്ലേലിൽ കുഞ്ഞുഞ്ഞുട്ടിയുടെ സഹധർമിണിയായി കഴിയുന്നു. നാലു മക്കൾ. റജി, മോളി, വൽസമ്മ, ആനി. **റജി** ബഹറിനിൽ Almoayed conrtacting-ൽ ജോലി ചെയ്യുന്നു. വിവാഹം കഴിഞ്ഞു കുറച്ചു നാൾ ഭാര്യ ജിജിയും ബഹറിനിൽ ജോലി ചെയ്തിരുന്നു. ഒരു മകൾ റിയ നാട്ടിൽ വിദ്യാഭ്യാസം കഴിഞ്ഞു ഇപ്പോൾ ജോലി ചെയ്യുന്നു.

മൂത്ത മകൾ **മോളി**. Molly wife of Babukutty (Philip) Mekkattu family, Chennithala. ഭർത്താവ് വിമുക്ത ഭടൻ. Children: Smitha philip, Bincy PhilipRev Renny Philip, Marthoma സഭയിൽ ഒരു അച്ചൻ ആണ്.

രണ്ടാമത്തെ മകൾ **വൽസമ്മ**. Valsamma Rajan wife of Rajan P P, PannÈzha family, Kidagannur.Children : Ansu P Rajan, Anju P Rajan.

ഇളയമകൾ **ആനി**. ബഹറിനിൽ BDF Hopsital-ൽ ജോലി. മാവേലിക്കരയിൽ കൊട്ടാർകാവുതോപ്പിൽ G. I. Bunglow, K. O. George ന്റെ മകൻ Sajan

George വിവാഹം കഴിച്ചു. കുറച്ചു നാൾ ബഹറിനിൽ ജോലി ചെയ്തു. ഇപ്പോൾ നാട്ടിൽ. Children : Sheba Mariyam Sajan, Kripa Elza Sajan.

ചിന്നമ്മാമ്മയുടെ കുടുംബ ചിത്രം

പരേതയായ ചിന്നമ്മാമ്മ

ചെങ്ങന്നൂർ ചെറിയനാട് ഇടവങ്കാട് മൂത്തേടത്ത് വീട്ടിൽ V. K. Mathew, KSEB ഉദ്യോഗസ്ഥൻ വിവാഹം കഴിച്ചു. രണ്ടു മക്കൾ. മോനച്ചൻ (Kuruvila Mathew) നാട്ടിൽ ബിസിനസ്. ഭാര്യ ഷീബ. രണ്ടു പെൺകുട്ടികൾ. മെറിൻ & മെലിൻ. ഇവരുടെ മകൾ. എൽസി Esly യെ മാവേലിക്കര, തഴക്കര, കൺകാലിമലയിൽ George Ninan (Jose) വീവാഹം കഴിച്ചു. ഇവർക്ക് രണ്ടു മക്കൾ. Geo George Ninan (son), Leo George Ninan (son).

എന്റെ പിതാവിന്റെ തുടർന്നുള്ള ജീവിതകഥ

കുടുംബത്തിൽ നിന്നും മാറി വസ്തുവിന്റെ പടിഞ്ഞാറേ അറ്റത്തു വീടി നുള്ള അടിത്തറ ശരിയാക്കി. അറയും നിരയുമുള്ള ഒരു വീട് കാരക്കാട് ഭാഗത്തു നിന്നും വാങ്ങി നാട്ടിൽ എത്തിച്ചു. വഴി സൗകര്യം ഒന്നും ഇല്ലാത്ത കാലമാണെന്ന് ഓർക്കുക. അങ്ങനെ ഓടിട്ട അറയും നിരയും ഉള്ള വീട്ടിൽ ഞങ്ങൾ വളർന്നു. അച്ചായൻ 1967 ഓഗസ്റ്റ് ഒന്നിനും അമ്മ 2021 ജനുവരി 13-നും ഇഹലോകം വെടിഞ്ഞു.

മക്കൾ

1. മകൾ **പൊന്നമ്മ** കല്ലുങ്കൽ M.D. L.P. School-ൽ പഠിച്ചു. ആലംതുരുത്തി കണ്ണശ സ്കൂൾ, തിരുവനന്തപുരം, Womens' college-ൽ Pre Universtiy യും M.G. College ൽ B.A. യ്ക്കും ചേർന്നു. ആ സമയം ഒരു കല്യാണാലോചന വന്നു. ആനന്ദപ്പള്ളിയുടെ അടുത്ത് ഐക്കാട്ട് ജയ് ഭവനിൽ ഇലക്ട്രിസിറ്റി ബോർഡിൽ ജോലി ഉണ്ടായിരുന്ന **ജോഷ്വാ കുട്ടി** ആയിരുന്നു വരൻ. ആ വർഷം തന്നെ കല്യാണം കഴിഞ്ഞു. അവർക്ക് മക്കൾ ഒരു പെണ്ണും (ജയ), മൂന്ന് ആണും (ജെയ്, ജെയ്സ്, ജയിൻ). ജോഷ്വാ അളിയൻ LIC ഏജന്റ് ആയും ജോലി ചെയ്തു. അളിയൻ 2020 ജനുവരി 15-നു അന്തരിച്ചു. മൂത്ത മകൻ ജെയ് ജോഷ്വാ.

അമ്മാമ്മ ബി.എ. യ്ക്ക് Changanachery N.S.S College-ൽ പോയ്ക്കൊണ്ടി രിക്കുന്ന കാലം. ഒരു ദിവസം കുഞ്ഞിന്റെ മലം ചോരമയം ഉള്ളതായി കണ്ടു. വൻ കുടലിൽ ചെറുകുടൽ കയറി, പെട്ടന്ന് ഓപ്പറേഷൻ വേണ്ടി വന്നു. ഒന്നാം വയസിൽ തന്നെ 27-1-1971-ൽ ഈ ലോകം വിട്ടു.

ജയമോൾ ജയയെ തുമ്പമണ്ണിൽ ആലുംമൂട്ടിൽ പീടികയിൽ **വർഗീസ് സഖറിയ (സുരേഷ്)** വിവാഹം കഴിച്ചു. കുട്ടികൾ രണ്ടു പെണ്ണ് ഒരു ആണ്. മൂത്ത മകൾ **ജെയ്മി എൽസ വർഗീസ്** കോഴഞ്ചേരി തെക്കേമല **വട്ടപ്പറ മ്പിൽ ഐസക് കോശി**യെ വിവാഹം ചെയ്തു. ഒരു കുട്ടിയുണ്ട്. **സാറാ കോശി**. ബാങ്ക് ജോലിയുമായി കുടുംബം ഒത്തു കഴിയുന്നു. രണ്ടാമത്തെ മകൻ **ശാരൺ സഖറിയ വർഗ്ഗീസ്**. ഇളയ മകൾ **ജോഷായി എൽസ വർഗീസ്**. രണ്ടു പേരും പഠിക്കുന്നു.

രണ്ടാമൻ **ജയ്സ്സ് ജീ ജോഷ്വ** അടൂർ ഹോളി ഏൻജൽസിൽ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് B Pham. പഠിച്ചു പാസായി. താമസിയാതെ മസ്കറ്റിൽ Pharmacist ആയി ജോലിയായി ഇപ്പോൾ മസ്കറ്റിൽ പ്രവാസി. മൂന്നാമൻ **ജയിൻ ജീ ജോഷ്വ**. അടൂർ ഹോളി ഏൻജൽസിൽ സ്കൂൾ വിദ്യാഭ്യാസം. തൃശൂർ എൻജിനീയറിങ് കോളജിൽ B.Tech. കഴിഞ്ഞു BSNL-ൽ എൻജിനീയർ ആയി. അടൂരിൽ ഇപ്പോൾ ജോലി ചെയ്യുന്നു. ഭാര്യ അടൂരിൽ തന്നെയുള്ള **മായ**. രണ്ടു മക്കൾ. **ജസ്വിൻ** ഇപ്പോൾ engineering നും **ജയ്മി** സ്കൂളിലും പഠിക്കുന്നു.

രണ്ടാമത്തെ മകൾ **മേരി**. ആറാട്ടുപുഴ കോയിപ്പുറം കപ്പമാവ്നിൽക്കുന്നതിൽ ബേബി (K. A Chandy) കല്യാണം കഴിച്ചു. വർഷങ്ങൾ പ്രവാസിയായി ഗൾഫ് നാടുകളിൽ ജോലി ആയിരുന്നു. മക്കൾ രണ്ടാണും ഒരു പെണ്ണും. അളിയന്റെ മൂത്ത സഹോദരന്മാർ രണ്ടു പേരും നമ്മുടെ അടുത്ത് നിന്നും തന്നെയാണ് കല്യാണം കഴിച്ചത്. കുഞ്ഞോമ്മാച്ചായൻ ഓതറപ്പറമ്പിൽ അവറാച്ചായന്റെ മകൾ അമ്മിണി അമ്മാമ്മയേയും, കുര്യച്ചായൻ തുണ്ടിയിൽ പോത്തൻ സാറിന്റെ മകൾ മേരിമ്മാമ്മയേയും വിവാഹം കഴിച്ചു. ഇവർ എല്ലാവരും ഇഹലോക ജീവിതം പൂർത്തിയാക്കി. എല്ലാവരും കോയിപ്രം ഓർത്തഡോക്സ് ചാപ്പൽ ഇടവകയിൽ മെംമ്പേഴ്സ് ആണ്.

മൂത്ത മകൾ **ബീജിമോൾ.** ഭർത്താവ് **ബാബു (Babu Joseph)**. Payyampallil, Mulakuzha. P.O., Chengannur (S/o. Leelamma Joseph & Late P. A. Joseph). കേന്ദ്ര ഗവണ്മെന്റ് സർവീസിൽ കൊച്ചി വിമാനത്താവളത്തിൽ ജോലി ചെയ്യുന്നു. Daughters: 1. Nikita B. Joseph W/o. Alen Mathew. 2. Neha B. Joseph W/o. Ajai Alex Varghese. രണ്ടു പെൺകുട്ടികളും കുടുംബമായി കാനഡയിൽ.

രണ്ടാമൻ **ബിജുമോൻ**. നാട്ടിൽ തിരുവല്ല St. Mary's-ലും കോയിപ്രം Higher Secondary school-ലും വിദ്യാഭ്യാസം പൂർത്തിയാക്കി മദ്രാസ് ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിച്ചു. കുറച്ചുനാൾ ബഹ്റൈനിൽ ജോലി ചെയ്തു. പ്രവാസ ജീവിതം മതിയാക്കി നാട്ടിൽ പോയി ജോലി ചെയ്യുന്നു. ഇപ്പോൾ അപ്പനും അമ്മയുമായി താമസിക്കുന്നു. ഭാര്യ റിനി നിലമ്പൂർ മണ്ണാരേത്തു വീട്ടിൽ തമ്പിയുടെ മകൾ. ഒരു മകൻ **ജോയൽ**. ഇപ്പോൾ എൻജിനീയറിങ്ങിനു പഠിക്കുന്നു.

മൂന്നാമത്തെ മകൻ **ബിനോയ്**. നാട്ടിൽ വിദ്യാഭ്യാസം കഴിഞ്ഞു ബോംബെയിൽ വന്നു Tata Consultant-ൽ ജോലി ചെയ്യുന്നു. ഭാര്യ മെർലിൻ ഇവർക്ക് ഒരു മകൾ. Juel Varughese സ്കൂളിൽ പഠിക്കുന്നു. Merlin's Father's Name is Chacko Skariah (Thankachan). Mummy's name Saramma Chacko. They are staying in Kalyan West, Mumbai. ബിനോയി കുടുംബസമേതം ബോംബെയിൽ ജോലിയായി താമസിക്കുന്നു.

മൂന്നാമത്തെ മകൾ **അമ്മിണി**.

ഞങ്ങളുടെ അപ്പൻ മരിച്ചതിനുശേഷം ഞങ്ങൾക്ക് ഉണ്ടായിരുന്ന ബിസിനസ് മുന്നോട്ട് കൊണ്ടുപോകുന്നതിനായി പ്രയാസമായി. അമ്മാമ്മയ്ക്ക് തുടർ പഠനം ഹിന്ദി വിദ്വാൻ തിരഞ്ഞെടുത്തു. വിദ്വാനു ശേഷം തിരുവനന്തപുരം Hindi Teachser Training College ൽ നിന്നും HTTC-യും പാസായി. 1977-ൽ ഓതറ അരണക്കുളത്ത് ജോയി (K. K. Varghese) എന്ന SBI ബാങ്ക് ജോലിക്കാരനുമായി വിവാഹം കഴിഞ്ഞു. ജോലിക്ക് വിടുന്നത് താല്പര്യം ഇല്ലാതിരുന്നു. അങ്ങനെ നല്ല ഒരു കുടുംബജീവിതം നയിച്ചു. ഓതറയിൽ താമസിക്കുന്നു. ഇവർക്ക് മൂന്നു മക്കൾ. ഒരു പെണ്ണ്, രണ്ട് ആണ്.

മൂത്ത മകൾ **രെജനി**, സ്കൂൾ, കോളജ് പഠനത്തിനുശേഷം BSc Nursing കഴിഞ്ഞു. ഇപ്പോൾ ദുബായിൽ ജോലി ചെയ്യുന്നു. ഭർത്താവ് ചെങ്ങന്നൂർ ഉള്ളന്നൂർ തയ്യിൽ തെക്കേതിൽ C. V. Samuel and Thankamma എന്നിവരുടെ മകൻ Sam C.Varghese. രണ്ടു ആൺ മക്കൾ. Subin Sam and Seno Sam. ഷാർജയിൽ താമസം.

രണ്ടാമത്തെ മകൻ **രെഞ്ജൻ**. സ്കൂൾ കോളജ് പഠനത്തിനുശേഷം Computer Engineering-ൽ ബിരുദം എടുത്തു. കുറച്ചുനാൾ ബഹ്റൈനിൽ ജോലി ചെയ്തു. തുടർന്ന് ദുബായിൽ ജോലിയായി. മഞ്ഞകാലായിൽ അനൂപ ഭവനിൽ Thomsa and Mariamma Thomas എന്നിവരുടെ മകൾ അനൂജയാണ് ഭാര്യ. ഒരു മകൻ Rejoy B. Renjan.

മൂന്നാമൻ **രഞ്ജിത്**. Engineering-ൽ ബിരുദധാരിയാണ്. ദുബായിൽ ജോലി. കോട്ടയം തിരുവാതുക്കൽ K. Johnson and Mini Johnson എന്നിവരുടെ മകൾ Sinu Johnson ആണ് ഭാര്യ. രണ്ടു മക്കൾ. Hanna (daughter) and Haron (son). സഹോദരർ എല്ലാവരും ഷാർജയിൽ അടുത്താണ് താമസം.

അഞ്ചാമത്തെ മകൻ പരേതനായ **തങ്കച്ചൻ**. കല്ലുങ്കൽ തന്നെ പ്രാരംഭ വിദ്യാഭ്യാസം കഴിഞ്ഞ് ഇരമല്ലിക്കര, തിരുവൻവണ്ടൂർ, പരുമല പമ്പ കോളജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കി നാട്ടിൽ അധികം നിൽക്കണ്ട എന്നു ചിന്തിച്ചു വടക്കൻ സംസ്ഥാനങ്ങളിലുള്ള അമ്മാച്ചന്മാരുമായും ബേബി അളിയനുമായും കത്തിടപാടുകൾ നടത്തി. ബേബി അളിയനും മേരി അമ്മാമ്മയും ജോലി ചെയ്തിരുന്ന അഹമ്മദാബാദിലേക്കു പോയി. അവിടെ Ahemedabad Electricity Company-യിൽ turbine operator ആയി ജോലി തുടങ്ങി. അളിയൻ ഗൾഫിൽ പോയി, മേരിയമ്മാമ്മ നാട്ടിൽ തിരിച്ചെത്തി. തങ്കച്ചൻ അവിടെ ഒറ്റക്കായി. വലിയ ചൂട് കാലാവസ്ഥയും ഭക്ഷണക്കുറവും അവന്റെ ആരോഗ്യം നഷ്ടപ്പെട്ടതിനാൽ താമസിയാതെ നാട്ടിൽ വന്നു. കുറച്ചുകാലം പ്രവാസിയായി ബഹറിനിൽ കഴിഞ്ഞു. നാട്ടിൽ തിരിച്ചെത്തി ഒരു വിവാഹം കഴിച്ചു. അത് അധികം തുടർന്നില്ല. രോഗബാധിതനായി കുറച്ചുനാളുകൾ അമ്മയ്ക്ക് കൂട്ടായി ജീവിച്ചു 05-07-2012 ൽ ലോകത്തോടു വിടപറഞ്ഞു.

ആറാമത്തേത് മകൾ **കുഞ്ഞുമോൾ**. പേരു പോലെ തന്നെ എല്ലാവർക്കും കുഞ്ഞുമോൾ ആയി തന്നെ വളർന്നു. പ്രാഥമിക വിദ്യാഭ്യാസം കല്ലുങ്കൽ എം.ഡി. എൽ.പി. സ്കൂളിൽ കഴിഞ്ഞു. തിരുവല്ല എം.ജി.എം. ഹൈസ്കൂളിൽ തുടർന്ന് പഠിച്ചു. കുമ്പനാട് തോലുംകഴ വലിയവീട്ടിൽ ബേബിക്കുട്ടി (ജോർജ് മാത്യു) യുമായി വിവാഹം കഴിഞ്ഞു. വർഷങ്ങളായി ബഹ്റൈനിൽ മക്കളും കൊച്ചുമക്കളുമായി താമസിക്കുന്നു. മക്കൾ രണ്ടു പേരാണ്. ബേബിക്കുട്ടിക്ക് ഒരു സഹോദരനും ഒരു സഹോദരിയും ഉണ്ട്. സഹോദരൻ

ബിജു ബഹ്റൈനിൽ ജോലി. ഭാര്യ സോഫി ഹോസ്പിറ്റലിൽ ഗവണ്മെന്റ് സർവീസ് ജോലി ചെയ്യുന്നു. ഇവർക്ക് രണ്ടു കുട്ടികൾ: ബനീറ്റ (medical student), ബറ്റ്സൺ (Eng. student).

സഹോദരി സിസിലിയെ കല്യാണം കഴിച്ചത് സണ്ണി (Mammen Mathew) ആണ്. തമിഴ്നാട്ടിൽ പ്രിന്റിംഗ് പ്രസ് നടത്തുകയായിരുന്നു. ഇപ്പോൾ പുല്ലാട്ട് വീട് വച്ചു താമസം. രണ്ടു മക്കൾ.

മൂത്ത മകൻ **റ്റിജു** ബഹറിനിൽ വിദ്യാഭ്യാസം പൂർത്തിയായി തമിഴ് നാട്ടിൽപോയി Chemical Engineering-ൽ ബിരുദം എടുത്തു. കുറച്ചുനാൾ Andra Pradesh-ൽ ജോലി ചെയ്തു. താമസിയാതെ തന്നെ ബഹ്റൈൻ Yokogova Company യിൽ ചേർന്ന് ജോലി ഇപ്പോഴും തുടരുന്നു. ഭാര്യ റ്റിറ്റു, എറണാകുളം മെഡിക്കൽ കോളജിൽ ജോലി.

മകൾ **റ്റിസ**.

ബഹറിനിൽ ഇൻഡ്യൻ സ്കൂളിൽ പഠനം പൂർത്തിയാക്കി തിരുനൽവേലി യിൽ Engineering B.Tech കഴിഞ്ഞു തിരിച്ചു വന്നു ജോലിക്ക് കയറി. താമ സിയാതെ തട്ടാരമ്പലം, മറ്റം പൊന്നോല കുടുംബത്തിൽപെട്ട തമ്പാന്റെ (P. S. Abraham) മകനാണ് ഭർത്താവ് റ്റിജോ. ഇവർക്ക് മൂന്ന് മക്കൾ. Tiyana, Ten, Tiyara. രണ്ടു പേരും Yousaf Al Mahamood-ൽ എഞ്ചിനിയർ ആയി ജോലി ചെയ്ത് ബഹറിനിൽ പ്രവാസികളായി കുടുംബമായി കഴിയുന്നു.

ഏഴാമത്തെ മകനാണ് **മോനച്ചൻ** എന്ന് എല്ലാവരും വിളിക്കുന്ന **തോമസ്**.

എല്ലാവരെയും പോലെ പ്രാഥമിക വിദ്യാഭ്യാസം കല്ലുങ്കൽ എം.ഡി. എൽ.പി. സ്കൂളിൽ കഴിഞ്ഞു. ഉപരി പഠനം തട്ട NSS ഹൈസ്കൂളിൽ. എസ്.എസ്.എൽ.സി. കഴിഞ്ഞ് തിരുവല്ലയിൽ മാർത്തോമ്മാ അക്കാഡമിയിൽ ഉന്നത പഠനം തുടങ്ങി. താമസിയാതെ തന്നെ ജോലിക്ക് ആവശ്യമായി എന്തെങ്കിലും ടെക്നിക്കൽ ആയിട്ട് പഠിക്കണം എന്ന് കരുതി ബോംബെയിലേക്ക് യാത്രയായി. അവിടെ ഫോട്ടോഗ്രാഫി പഠിക്കുന്നതിനായി ചേർന്നു. താമസിയാതെ തന്നെ, ബഹറിനിലേക്ക് വരുന്നതിനായി സാധിച്ചു. നീണ്ടകാലം ബഹറിൻ ജീവിതത്തിൽ ഫോട്ടോഗ്രാഫിയിൽ മുൻപന്തിയിൽ ആയിരുന്ന FALCON CINEFOTO-യിൽ ജോലി ചെയ്യുന്നതിനും സാധിച്ചു. ചങ്ങനാശ്ശേരിയിൽ കോയിപ്പള്ളി കുടുംബത്തിൽ **ലീന**യെ വിവാഹം കഴിച്ചു. **ബൈജു**, ഭാര്യ ഷേർലി, **ജോജി**, ഭാര്യ ലോണി, **ഷിജു**, ഇവർ സഹോദരങ്ങൾ. ഷിജു ദുബായിൽ ജോലിയായി കുടുംബമായി ഭാര്യ Bindhu വും മക്കളുമായി. ജേഷ്ഠത്തി **Josy** ഭർത്താവ് **Jose** ഉം മക്കളുമായി കോഴിക്കോട്ട് കുടുംബമായി കഴിയുന്നു.

മൂന്ന് ആൺമക്കൾ. **മോനു, മനു, മനോ.**

ഇവർ മൂന്നു പേരും എൻജിനിയറിങ് ബിരുദം ഉള്ളവർ.

മോനു കല്യാണം കഴിച്ചത് പള്ളിപ്പാട്ട് തോമസിന്റെയും ജസിയുടേയും മകൾ **അലീന**. ഒരു മകനുണ്ട് പേര് **അലോഷി**. ഇവർ ബഹറിനിൽ കുടുംബ സമേതം കഴിയുന്നു.

മനു കുറച്ചുനാൾ ബഹറിനിൽ ജോലി ചെയ്തു. തിരുവല്ല മഞ്ഞാടിയിൽ ഇടവപ്പറമ്പിൽ **രാഹി**യുമായി വിവാഹം കഴിഞ്ഞു. ബാഗ്ളൂരിൽ ജോലി ചെയ്തു കുടുംബ സഹിതം താമസം.

മൂന്നാമത്തെ മകൻ **മനോ** ഇപ്പോൾ ബാഗ്ളൂരിൽ ജോലി ചെയ്യുന്നു.



പരേതയായ ലിസി മോൾ

ഏറ്റവും ഇളയ മകളായി 1962-ൽ ജനിച്ചു. എല്ലാവർക്കും ഓമനയായി അവൾ വളർന്നു. അപ്പൻ ഇല്ലാത്ത കുറവൊന്നും അവളെ അറിയിക്കാതെ വളർത്തി. കല്ലുങ്കൽ സ്കൂളിൽ പഠിത്തം കഴിഞ്ഞു എം.ജി.എം. സ്കൂളിൽ ചേർന്നു. എട്ടാം ക്ലാസിൽ പഠിക്കുന്ന സമയം ഒരു തലവേദനയായി തുടങ്ങി. കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സ നടത്തി. 1975 ഡിസംബർ 28-നു ഈ ലോകത്തോടു യാത്ര പറഞ്ഞു. അവളുടെ ഓർമ്മയ്ക്ക് നമ്മുടെ പള്ളിയുടെ Golden Jubilee Souvenir-ൽ 'സ്മൃതി' എന്ന് ഒരു ചെറുകഥ 1977-ൽ ഞാൻ പ്രസിദ്ധീകരിച്ചു.

This is to remember and pray for all those departed.

നാലാമത്തേതായി മൂത്ത മകനാണ് ഞാൻ ജോയി

പ്രാരംഭ വിദ്യാഭ്യാസം കല്ലുങ്കൽ കഴിഞ്ഞ് ഇരമല്ലിക്കര, എം.ജി.എം., ചങ്ങനാശ്ശേരി NSS, തിരുവല്ല Mar Thoma College എന്നിവിടങ്ങളിൽ വിദ്യാഭ്യാസം ചെയ്തു. 1972-ൽ പഠനം കഴിഞ്ഞു. 1967-ൽ പിതാവ് മരിച്ചതിനാൽ എട്ടു മക്കളും അമ്മയും വല്യപ്പനും വല്യമ്മയും ഉള്ള കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. അപ്പച്ചൻ പ്രായാധിക്യമായതിനാൽ B.Sc. വരെ Mar Thoma College-ൽ (1969-72 batch) പഠിച്ചു. അങ്ങനെ കല്ലുങ്കലെ ചുരുക്കം ചില ഡിഗ്രിക്കാരിൽ ഒരാളായി. താമസിയാതെ വസ്തു സംബന്ധമായ ഒരു കേസിൽ പെട്ടു. പോലീസ് കേസുകളും Land Tribunal Case-കളും കാരണം തുടർ പഠനം നടന്നില്ല. ആറു വർഷത്തെ നാട്ടിലെ ജീവിതം പുതിയ അനുഭവങ്ങൾ ആയിരുന്നു. പിന്നെ criminal case വരെ എത്തിയതിനാൽ രണ്ടു വക്കീലന്മാർ രമ്യതയ്ക്കായി ചർച്ചകൾ നടത്തി കേസ് ഒഴിവാക്കി. കുറച്ചു കാര്യങ്ങളൊക്കെ മുകളിൽ കുറിച്ചിട്ടുള്ളതിനാൽ കൂടുതൽ ഇവിടെ വിവരിക്കുന്നില്ല.

47 വർഷമായി ഞാൻ ബഹറിനിൽ വന്നിട്ട്. 1982-ൽ നാട്ടിൽ വന്ന് വിവാഹം തോലശേരി കാടുവെട്ടൂർ ചെറിയാച്ചന്റെയും ആച്ചിയമ്മയുടേയും മകൻ കുഞ്ഞൂഞ്ഞിന്റെയും (K. C. Joseph) അമ്മാൾ ടീച്ചറിന്റെയും (Mariamma Joseph) മകൾ ഷീലയെ വിവാഹം കഴിച്ചു. അച്ചാച്ചന് ഏഴ് സഹോദരികളും ഒരു സഹോദരനും (late) ഉണ്ടായിരുന്നു.

അച്ചാച്ചൻ 78-ാം വയസിൽ 2003 ജനുവരി 21-നും അമ്മച്ചി 90-ാം വയസിൽ 2024 മെയ് 4-നും നമ്മെ വിട്ട് പോയി.

ഷീല (Sheela Elizabeth Varghese) അമ്മച്ചി പഠിപ്പിച്ച മഠത്തിൽ സ്കൂളിലും ബാലികാമഠം സ്കൂളിലും പഠിച്ചശേഷം ചങ്ങനാശ്ശേരി അസംപ്ഷൻ, തിരുവല്ല Mar Thoma College എന്നിവിടങ്ങളിൽ നിന്നും ഫിസിക്സിൽ B.Sc. കഴിഞ്ഞു തിരുവനന്തപുരം Mar Theophilose Training college-ൽ നിന്നും B.Ed. ഉം പാസായി. 1982 ജൂൺ 27-നു കല്യാണം നടന്നു. ആ സമയം കുന്നംകുളം Bethany High School ജോലി ആയിരുന്നു. ജോലി രാജി വച്ചു ഡിസംബറിൽ ബഹറിനിൽ എത്തി. താമസിയാതെ Asian School-ൽ ജോലി തുടങ്ങി. അവിടെ ആദ്യത്തെ അദ്ധ്യാപികയായി ജോലിക്കു കയറി. എന്നാൽ ചെറിയ കുട്ടികൾ ഉണ്ടായിരുന്നതിനാൽ അവിടെ അധികം തുടർന്നില്ല. പിന്നെ പാക്കിസ്ഥാൻ ഉർദു സ്കൂളിൽ ജോലി കിട്ടി. പിന്നീട് FALCON CINIFOTO-യിൽ ജോലി, Studio photography and colour printing അവിടെ നിന്നും പഠിച്ചു. നാലു വർഷം അവിടെ തുടർന്നു. ഗർഭിണി ആയപ്പോൾ ആ ജോലി മതിയാക്കി. രണ്ടു മക്കൾ ജനിച്ചു. അവർ സ്കൂളിൽ പോയി തുടങ്ങിയ ശേഷം Ibn Al Hytham സ്കൂളിൽ 16 വർഷത്തോളം ജോലി ചെയ്തു. അവസാനം Indian School-ലും 16 വർഷം ടീച്ചറായി ബഹ്റൈനിൽ ജോലി ചെയ്തു. 2017-ൽ Indian school-ൽ നിന്നും രാജി വച്ച് നാട്ടിൽ പോയി. മക്കൾ രണ്ടു പേരുടേയും വിവാഹങ്ങൾ 2018-ൽ തന്നെ നടത്തി.

ഭാര്യ ഷീലയ്ക്ക് സഹോദരങ്ങളായി ഒരു അനുജത്തിയും രണ്ടു അനുജന്മാരും ഉണ്ട്. ഷേർലി, ഷെഫി, ഷിബു.

ഷേർലിയെ തിരുമൂല പഴയിടത്ത് **ബാബു** കല്യാണം കഴിച്ചു. പ്രവാസിയായി സൗദി, യു.കെ. രാജ്യങ്ങളിൽ കഴിയുന്നു. ഇവർക്ക് മൂന്ന് മക്കൾ. **ശീതൾ.** ഭർത്താവ് **ജസ്റ്റീൻ**. രണ്ടാമത്തെ മകൾ **ഷാലറ്റ്**. ഭർത്താവ് **സൈജോ**. ഒരു കുട്ടി. മകൻ **ബേസിൽ** U.K-യിൽ ജോലി ചെയ്യുന്നു. മൂന്ന് പേരും പ്രവാസികൾ.

സഹോദരൻ **ഷെഫി.** നാട്ടിൽ മഠത്തിൽ സ്കൂളിലും St. Thomas school, Mar Thoma college-ലും പഠിച്ചു കഴിഞ്ഞു Draughtsman Course പഠിച്ചു. ബഹ്റൈനിൽ എത്തി. Gemec എന്ന ഒരു കമ്പനിയിൽ കുറച്ചുനാൾ ജോലി ചെയ്തു. അവർ EWA-യുടെ labour supply company ആയിരുന്നു. താമസിയാതെ Ministry ലേബർ supply കമ്പനി നിർത്തി ജോലിക്കാരെ എല്ലാം EWA ഏറ്റെടുത്തു. അങ്ങനെ ബഹറിനിൽ ഗവണ്മെൻറ് EWA യിൽ ജോലി ചെയ്യുന്നു. ഒരു മകൻ ജെഫിൻ.

ഷിബു വളരെ വർഷങ്ങൾ ബഹറിനിൽ പ്രവാസി ആയിരുന്നു. മഠത്തിൽ സ്കൂളിലും C.M.S. School, Mar Thoma College എന്നിവിടങ്ങളിൽ പഠിച്ചു കഴിഞ്ഞ് കളർ ഫോട്ടോഗ്രാഫി & പ്രിന്റിംഗ് പഠിച്ചു. താമസിയാതെ ബഹ്റൈൻ FALCON CINIFOTO-യിൽ Printer & Phographer ആയി ജോലി കിട്ടി. ഭാര്യ പായിപ്പാട് നെല്ലൂർ വീട്ടിൽ **ബൻസി**. വിവാഹശേഷം ബഹ്റൈനിൽ വന്നു Salmania Hopsital Staff ആയി വളരെനാൾ ജോലി ചെയ്തു.

ബിബിൻ, ജുബിൻ സഹോദരങ്ങൾ.

മക്കൾ: ബ്രയൻ, ബാരൻ, ബോറീസ്. **ബാരൻ** 21 വയസ്സിൽ ഒരു അപകടത്തിൽ മരണപ്പെട്ടു. മറ്റു രണ്ടു പേരും പഠിച്ചുകൊണ്ടിരിക്കുകയാണ്.

A family group of Kaduveotor.

എന്റെ ബഹറിൻ ജീവിതം

ബഹ്റൈന് സ്വാതന്ത്ര്യം കിട്ടിയത് 1973-ൽ. തമ്പിയുടെ മൂത്ത സഹോദരി വല്യമ്മായുടെ ഓർമ്മ ഇന്നും ഞങ്ങളുടെ ബഹറിൻ ജീവിതത്തിൽ മറക്കാനാവാത്ത ഒന്നാണ്. 1960-കളിൽ ആതുര സേവനത്തിനായി ഇവിടെ റോയൽ ഹോസ്പിറ്റലിൽ British കാരുടെ കീഴിൽ ജോലിക്കാണ് അമ്മാമ്മ (Annamma) ഇവിടെയെത്തിയത്. ആദ്യകാലത്ത് കപ്പൽ യാത്രയാണ്. അന്താരാഷ്ട്ര വിമാനത്താവളം കേരളത്തിൽ ഇല്ലാത്ത കാലം.

ബഹ്റൈനിൽ ഓർത്തഡോക്സ് പള്ളിയും ഇല്ലായിരുന്നു. St. Mary's Orthodox Cathedral പെൺപള്ളി എന്ന് അറിയപ്പെടുന്നതിനു കാരണം തന്നെ ആദ്യ കാലങ്ങളിൽ ഇവിടെ വളരെ കുറച്ചു ആണുങ്ങളും കൂടുതൽ നഴ്സുമാരായ സ്ത്രീകളും മാത്രമേ ഉണ്ടായിരുന്നുള്ളു എന്നതിനാലാണ്. അവരുടെ ശ്രമഫലമായി ഉണ്ടായ പള്ളി ആയതിനാലാണ് ആ പേര് വന്നത്. ഞാൻ 1978-ൽ രണ്ടു വർഷത്തെ contract-ൽ BADER ELECTRIC എന്ന കമ്പനിയിൽ ഓഫീസിൽ ജോലി ചെയ്യുന്നതിനായിട്ടാണ് വന്നത്. അവിടെയുണ്ടായിരുന്ന ജോലിയിൽ തുടരുന്നതിന് താൽപര്യമില്ലാഞ്ഞതിനാൽ വേറെ ജോലി അന്വേഷിച്ചു. അങ്ങനെ 1980-ൽ FALCON CINEFOTO എന്ന ഫോട്ടോഗ്രാഫി

Falcon Cinefoto, with Directors (1998)

കമ്പനിയിൽ ജോലിക്ക് കയറി. 1982-ൽ കല്യാണം. 1998 വരെ പതിനാറു വർഷം FALCON-ൽ ജോലി തുടർന്നു. Fuji Film എന്ന Japanese company യുടെ Bahrain ലെ dirstibutor, പല യൂറോപ്യൻ photograpic കമ്പനികളുടെ ഏജന്റ് എന്ന നിലകളിൽ stock controller എന്ന post-ൽ ജോലി 1998 വരെ ചെയ്തു. ഇതിനിടയിൽ എനിക്ക് രണ്ടു മക്കളും ആയി, ഷിജുമോൻ, ലിജു മോൻ. 1998-ൽ ചില സ്വകാര്യ കാരണങ്ങൾ മൂലം ആ ജോലി രാജി വച്ചു ഭാര്യയേയും മക്കളെയും നാട്ടിൽ അയച്ചു. തുടർന്ന് ഞാൻ ദുബായിലും പോയി ജോലി അന്വേഷിച്ചു. എന്നാൽ അന്നത്തെ സാഹചര്യത്തിൽ ഫാമിലി ഒന്നിച്ച് ദുബായിൽ കഴിയുന്നതിനുള്ള ജോലി തരപ്പെടാതെ വന്നതു കൊണ്ട് അവിടെയുള്ള ബന്ധുക്കളെ ഒക്കെ കണ്ട് അബുദാബിയിൽ എത്തി പെങ്ങളുടെ മകളുടെ കൂടെ താമസിച്ച് മെഡിക്കൽ ചെക്കപ്പ് നടത്തിയപ്പോൾ എനിക്ക് ഷുഗറിന്റെ ആരംഭമാണെന്ന് മനസ്സിലായി. നാട്ടിൽ അമ്മയ്ക്കും സുഖമില്ല എന്ന കാരണത്താൽ അധികനാൾ പ്രവാസിയായി തുടരുവാൻ മനസ്സനുവദിച്ചില്ല. അങ്ങനെ അബുദാബിയിൽ നിന്നും തിരികെ നാട്ടിലെത്തി. ഇവിടെ നിന്നും കാർഗോയിൽ അയച്ച സാധനങ്ങൾ ഒക്കെ ക്ലിയർ ചെയ്തു നാട്ടിൽ കുറെനാൾ ജീവിക്കാം എന്ന് തീരുമാനിച്ചു. കിട്ടിയ സമയം പാഴാക്കാതെ ഒരു വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ടു പോയി.

വീടിനടുത്ത് തന്നെയുള്ള കടയായിട്ട് ഉപയോഗിച്ചുകൊണ്ടിരുന്ന കെട്ടിടം പൊളിച്ച് ഒരു വീട് വെക്കാമെന്ന് തീരുമാനിക്കുക ആയിരുന്നു. അന്ന് കടയിൽ പലചരക്കും റേഷനും വ്യാപാരം നടത്തിയിരുന്ന ഗർഭയിലെ അവറാച്ചായനെ കാര്യം അറിയിച്ചു. താമസിയാതെ കട ഒഴിവാക്കി കിട്ടി. ഒരു വർഷം കൊണ്ട് വീടു പണി പൂർത്തിയാക്കി കൂദാശയും നടത്തി കഴിഞ്ഞപ്പോൾ എനിക്ക് ഒരു ഷേക്കിന്റെ വിസ ശരിയായി വീണ്ടും ബഹറിനിൽ എത്തി. ഞാൻ Airport-ൽ എത്തി പുറത്തിറങ്ങി കാത്തുനിന്നിട്ട് എന്നെ കൂട്ടി

കൊണ്ടു പോകാൻ സഹോദരൻ വൈകി. അവർ വന്ന വഴിയിൽ ഒരു വലിയ ആക്സിഡന്റ് ഉണ്ടായി. അതു കാരണം റോഡിൽ വളരെ തിരക്കായിരുന്നു. വീട്ടിലെത്തിയതിനു ശേഷമാണ് അറിയുന്നത് അത് എനിക്ക് പരിചയമുള്ള മേപ്രായിലുള്ള ഒരാളായിരുന്നു. ഫക്റു കളർലാബിൽ ജോലി ചെയ്യുന്ന ഏബ്രഹാം ജോൺ. മൃതശരീരം സൽമാനിയ മോർച്ചറിയിൽ സൂക്ഷിച്ചു. രേഖകൾ ശരിയാക്കി നാട്ടിൽ അയക്കുന്ന ദിവസം ഞാനും അവിടെ പോയി. അങ്ങനെ ഞാൻ തിരിച്ചു വന്നു എന്ന് മറ്റുള്ളവർ അറിഞ്ഞു. Sasakura ജപ്പാൻ കമ്പനിയുടെ മാനേജർ വി. കെ. ചെറിയാച്ചൻ അവിടെ വച്ച് എന്നെ കണ്ടു. ആ കമ്പനിയിലേക്ക് ഒരു Office Adminirstator-നെ തിരക്കിയിരിക്കുന്ന സമയം. എന്നെ വിളിച്ചു വിവരം പറഞ്ഞു. ദൈവകരുണയാൽ അടുത്ത ദിവസം തന്നെ Ctiy Center ഓഫീസിൽ ജോലിക്ക് പോയി. 18 മാസം അവിടെ നല്ല ശമ്പളത്തിൽ ജോലി ചെയ്യാൻ സാധിച്ചു. താമസിയാതെ ഓഫീസ് Adur Water Plant-ലേക്ക് മാറി. കൂടെ Japanese-നെ കൂടാതെ മലയാളികളായ Alex Baby, Babu Thangalathil, Rinu, Thomas എന്നിവർ ഒരുമിച്ചു അവിടെ ജോലി ചെയ്തു.

സാമ്പത്തികമായി മെച്ചപ്പെട്ടപ്പോൾ ഷീലയേയും മക്കളെയും ഇവിടെ കൊണ്ടുവരാനുള്ള ചിന്ത തുടങ്ങി. അതിനായി വേറെ സ്പോൺസറെ ആവശ്യമായി വന്നു. ആ സമയം എന്റെ കൂടെ Falcon-ൽ ജോലി ചെയ്തിരുന്ന Yousaf Tolifta എന്ന അറബിയ്ക്ക് പുതിയ Studio തുടങ്ങുന്നതിന് ആഗ്രഹം ഉണ്ട് എന്ന് അറിഞ്ഞു. അവനുമായി ഷീലയേയും മകളെയും കൊണ്ടുവരുന്നതിനെ കുറിച്ചു സംസാരിച്ചു. മറ്റു കാര്യങ്ങൾക്കു വലിയ പ്രാധാന്യം കൊടുത്തില്ല. വിസാ അത്യാവശ്യം ആയിരുന്നതിനാൽ Yousaf ന്റെ സഹോദരൻ Fouzy Tolifat ന്റെ Global Cargo Services എന്ന പുതിയ CR ൽ വിസ ശരിയാക്കി ഷേക്കിന്റെ വിസ ഒഴിവാക്കി. ദൈവകരുണയാൽ അധികം താമസിയാതെ ഷീലയേയും മക്കളെയും കൊണ്ടുവരാനും അവരുടെ തുടർ വിദ്യാഭ്യാസം ഇവിടെ ഇൻഡ്യൻ സ്കൂളിൽ തുടരുന്നതിനും സാധിച്ചു. അവർ രണ്ടു പേരും ഇവിടെ പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞു ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി തിരിച്ചെത്തി എൻജിനീയർമാരായി ജോലി ചെയ്യുന്നു.

മൂത്ത മകൻ ഷിജു മോൻ

Trichy MIET Engineering college-ൽ നിന്നും Mechanical engineering-ൽ B.Tech. കഴിഞ്ഞു Bahrain ൽ വന്നു experience ആയി Alex Baby-യുടെ Protech എന്ന കമ്പനിയിൽ ചേർന്നു Olayan Kimberly Clark എന്ന multinational company-യിൽ ജോലി ചെയ്തു. ഇത് തുടരുന്നതിനിടയിൽ ഉപരിപഠനം ആഗ്രഹിച്ചു ILTES എഴുതി വേണ്ട ശതമാനം മാർക്ക് കരസ്ഥമാക്കി. UK, Liverpool University-യിൽ Marine engineering MS എടുത്തു. തിരിച്ചു വന്നു ASRY-യിൽ ജോലിക്കു കയറിയെങ്കിലും വീണ്ടും Olayan-ൽ തന്നെ Project Manager ആയി നിയമിതനായി. 2018-ൽ മുളന്തുരുത്തി ചേപ്പനേത്ത് മോബി യുടേയും സുമയുടേയും മൂത്ത മകൾ ആഷിയയെ വിവാഹം കഴിച്ചു. രണ്ടു കുഞ്ഞുങ്ങൾ. മകൾ - **Ayzel**. മകൻ **Aydan**. ഇളയ സഹോദരി **മണിക്കുട്ടി**, B.Tech. കഴിഞ്ഞ് ജോലി ചെയ്യുന്നു. ആഷിയ B.Tech. ആണെങ്കിലും പഠിപ്പി ക്കാൻ താൽപര്യം ആയിരുന്നതിനാൽ Al Noor International School-ൽ Teacher ആയി ചേർന്നു. Bahrain-ൽ B.Ed. എടുത്തു. ഇപ്പോൾ Sehla-യിലെ Al Rewabi national school-ൽ ജോലി ചെയ്യുന്നു. കുടുംബസമേതം ബഹറി നിൽ താമസിക്കുന്നു. അങ്ങനെ Olayan ഞങ്ങളുടെയും sponsor ആയി.

രണ്ടാമത്തെ മകൻ Lijumon

ഇവിടെ 12-ാം ക്ലാസ് കഴിഞ്ഞു തിരിച്ചു നാട്ടിൽ പോയി Kadammanitta Mount Zion Engineering College-ൽ നിന്നും B.Tech. എടുത്തു (Electronic and communications) ൽ. കൂടെ IT യുടെ ചെറിയ course പഠിച്ചു. Pushpagiri Hospital-ൽ Abraham Mulamootil അച്ചൻ സഹായിച്ചു അവിടെ IT department തുടങ്ങി അതിന്റെ എല്ലാവിധ പണികളും തീർത്തു. തുടർന്ന് Macfast എന്ന കോളജിൽ IT department തുടങ്ങി. ഈ experience വളരെ സഹായം ആയി Bahrain-ൽ Regency Intercontinental Hotel-ൽ ജോലി കിട്ടാൻ. Roychen ചെയ്തു തന്ന സഹായം വിസ്മരിക്കുന്നില്ല.

2018-ൽ വെള്ളപ്പൊക്ക സമയത്തു തന്നെ ഓഗസ്റ്റ് 25-നു തിരുവോണ നാളിൽ തന്നെ കല്യാണം നടത്തി. വെള്ളപ്പൊക്കത്തിൽ വളരെ ദുരിതം അനുഭവിച്ചു. പള്ളിയും ഹാളും വെള്ളം കയറി. അതെല്ലാം വൃത്തിയാക്കി യാണ് 22-നു കല്യാണം ഉറപ്പ് നടത്തി, 25-നു കല്യാണം നടത്തിയത്. അടൂർ ചൂരകോട് കണ്ണമ്പള്ളിൽ കിഴക്കേതിൽ 'Rose House'-ൽ Jose-ന്റെയും ലീലാ മ്മയുടെയും മകൾ **ശാരൺ ദീന ജോസ്** ആണ് ഭാര്യ. Bahrain Transport company-യിൽ IT department-ൽ ജോലി. രണ്ടു മക്കൾ. മകൻ **ജെയ്ഡൻ**, മകൾ **ജിസേൽ**. ബഹറിനിൽ കുടുംബസമേതം ഞങ്ങൾക്ക് ഒപ്പം കഴി യുന്നു.

ഞങ്ങൾക്ക് ഇപ്പോൾ നാല് കൊച്ചു മക്കൾ. **ജേയ്ഡൻ, എയ്സൽ, എയ്ഡൻ, ജിസേൽ.**

എം.ജി.എം. ലോഡ്ജ്, തമ്പാനൂർ

ഇത് ഞങ്ങളുടെ വല്യുപ്പാപ്പന്റെ സംരംഭമാണ്. ഞങ്ങളുടെ ഒരു അഭിമാനം തന്നെ. നാട്ടിൽ ഒമ്പതു ക്ലാസ്സ് കഴിഞ്ഞു ടീച്ചർ ട്രെയിനിംഗ് കോളജിൽ പഠിച്ച് Teacher's training course പാസായി. ഒരു സ്കൂളിൽ ജോലി കിട്ടി. എന്നാൽ ആ ജോലിയിൽ തുടരാൻ താൽപര്യം ഇല്ലായിരുന്നതിനാൽ രാജി വച്ചു. ആ സമയം തിരുവനന്തപുരത്തു ഒരു ലോഡ്ജിൽ ജോലിക്ക് കയറി. പിന്നെ തിരുവനന്തപുരത്തു Thampanoor, Over bridge-നു അടുത്തുള്ള ഒരു കെടിടം ഒഴിഞ്ഞു കിടക്കുന്നത് കിട്ടാൻ സാദ്ധ്യത ഉണ്ടെന്നറിഞ്ഞു. ദൈവഹിതം തന്നെ നടപ്പായി. അവിടെ വേണ്ടതായ കട്ടിൽ, മേശ, കസേര, കിടക്ക, ഷീറ്റ് മറ്റു വേണ്ട സാധനങ്ങൾ നാട്ടിൽ നിന്നും ശരിയാക്കി 1950 ആദ്യം തന്നെ ലോഡ്ജ് ആരംഭിച്ചു. നല്ല ഒരു സ്ഥലത്തായിരുന്നു ലോഡ്ജ്. സിറ്റി റയിൽവേ സ്റ്റേഷൻ, ബസ്സ് സ്റ്റേഷൻ എന്നിവ വളരെ അടുത്തുതന്നെ ആയിരുന്നു. ഈ സംരംഭം വളരെ വിജയമായി.

താമസിയാതെ കോട്ടയം വാകത്താനം മടത്തറമ്പിൽ മുളകൊടിയിൽ **പെണ്ണമ്മ**യെ (**Rachel Mathew**) വിവാഹം ചെയ്തു. തിരുവനന്തപുരത്തുള്ള ഒരു സ്കൂളിൽ അദ്ധ്യാപിക ആയി ജോലി കിട്ടി. ചുരുങ്ങിയ കാലത്ത് M.G.M. Annex, M.G.M. Mini Lodge എന്നിവയും സ്വന്തമായി. വഞ്ചിയൂർ റോഡിൽ റെയിൽവേ റോഡ് സൈഡിൽ സ്ഥലം വാങ്ങി വീട് വച്ചു. മക്കളുടെ വിവാഹം എല്ലാം നടത്തി കഴിഞ്ഞ് രണ്ടു പേരും ഇഹലോകം വെടിഞ്ഞു.

മകൻ **രാജു (George Mathew)**

ഇപ്പോൾ ലോഡ്ജിന്റെ കാര്യങ്ങൾ നോക്കി നടത്തുന്നു. ഭാര്യ ബാല. ഇവർക്ക് രണ്ടു പെൺമക്കൾ. കല്യാണം കഴിഞ്ഞു കുടുംബമായി താമസം.

M. G. Mathew's eldest son is **George Mathew**, who is married to Bala George, daughter of Late Varghese Thevalakara and Achamma Varghese of Thevalakara House, Changanacherry. They are blessed with two daughters. Their elder daughter, **Ria Rachel George** (M.Com.), is married to CMA Manu Samuel, a Practising Cost Accountant and Acting CFO, and the son of Late P. Samuel and Late Gladys Samuel of Chandrodayam, Mavelikara. Ria and Manu are parents to two sons - Sam Manu, aged 16, and Mathew Manu, aged 14.

Their younger daughter, **Reenu Ann George** (B.Tech.), is employed with TCS and is married to Safil Sunny (B.Tech), the son of Late Sunny Chakkiath and Seena Sunny of Chakkiath House, Angamaly, who is the CEO of M/s



Tranzmeo Solutions Private Ltd., with branches in India and the United States. Reenu and Safil have a daughter, Sareen Safil, aged 10, and the family is presently settled in the United States.

എം. ജി. മാത്യുവിന്റെ മൂത്ത മകൾ **രാജമ്മ മാത്യു**. ഭർത്താവ് മാന്നാർ വള്ളക്കാലിൽ വി. റ്റി. മാത്യുവിന്റെ മകൻ **മാത്യു വള്ളക്കാലിൽ (അനി)**. വർഷങ്ങൾ ദോഹയിൽ പ്രവാസിയായി കുടുംബസമേതം കഴിഞ്ഞു. ഇപ്പോൾ തിരുവനന്തപുരം കവടിയാറിൽ സ്ഥിരതാമസം. രണ്ടു ആൺമക്കൾ. **വരുൺ മാത്യു** (Er., MBA) ദോഹയിൽ വച്ച് 2022 സെപ്റ്റംബർ 13-നു പിറന്നാൾ ദിനത്തിൽ കർത്താവിനാൽ എടുക്കപ്പെട്ടു. ഭാര്യ ദീപ. എറണാകുളം പൊകിടിയിൽ പി. സി. മാത്യുവിന്റെ മകൾ. മക്കൾ നോവ, ജോനാ. വിദ്യാർത്ഥികൾ. **വിവേക് മാത്യു** (Er.). ദോഹയിൽ ബിസിനസ്. ഭാര്യ ഡോ. മീതു ഏലീസാ ചെറിയാൻ (എറണാകുളം രാജൻ ചെറിയാന്റെ മകൾ). മീതു എറണാകുളത്ത് ആശുപത്രിയിൽ ജോലി ചെയ്യുന്നു.

രണ്ടാമത്തെ മകൾ **മോളി**. ഭർത്താവ് വകയാർ മണ്ണിക്കോയിക്കൽ പി. ഡി. വർഗീസിന്റെ മകൻ **ബാബു** (റിട്ട്. ബാങ്ക് ഓഫീസർ). ഏറെനാൾ ദുബായിൽ ബാങ്കിൽ ജോലി ആയിരുന്നു. ഇപ്പോൾ നാട്ടിൽ സ്ഥിരതാമസം. മക്കൾ ജോലി സംബന്ധമായി വിദേശത്തു കഴിയുന്നു. മക്കൾ രണ്ട്. 1) **ബെറ്റി** (ആർക്കിടെക്ട്). ഭർത്താവ്: തിരുവല്ല കവിയൂർ കിഴക്കിനേത്ത് കെ. കെ. സാമുവേലിന്റെ മകൻ **ജഗൻ കെ. സാമുവൽ** (Er., MBA). മക്കൾ 1) **ശാലിനി** (+2 വിദ്യാർത്ഥി), 2. **ശ്രേയ** (9-ാം ക്ലാസ്സ് വിദ്യാർത്ഥി), 3) **ജെയ്ദൻ** (3-ാം ക്ലാസ്സ് വിദ്യാർത്ഥി), 4) **ജോർദെൻ** (3-ാം ക്ലാസ്സ് വിദ്യാർത്ഥി). എല്ലാവരും ദുബായിൽ താമസിക്കുന്നു.

മോളിയുടെ മകൻ **ബെന്നി** (Chemical Er., Dubai), ഭാര്യ **ശോമ എബ്രഹാം** (M.Tech) കോഴഞ്ചേരി കോലത്തു മുട്ടിതോട്ടത്തിൽ എബ്രഹാമിന്റെ മകളാണ്. മക്കൾ. 1) **ആലിസ്** (4-ാം ക്ലാസ്സ് വിദ്യാർത്ഥി), **അലെക്സിസ്** (എൽ.കെ.ജി.), **അമ്മാളു** (ഒമ്പതു മാസം). എല്ലാവരും ദുബായിൽ താമസിക്കുന്നു.

എം. ജി. മാത്യുവിന്റെ മൂന്നാമത്തെ മകൾ **കൊച്ചുമോൾ (ഡെയ്സി)**

Husband (Late) **ജോൺ കോശി (മോനച്ചൻ)**. ആയൂർ ശങ്കരത്തിൽ കോശി ജോണിന്റെ പുത്രനാണ്. മോനച്ചൻ സെക്രട്ടറിയേറ്റിൽ ലോ സെക്രട്ടറി ആയിരുന്നു. നിയമബിരുദം എടുത്തിരുന്നു. കുടുംബം ഇപ്പോൾ തിരുവനന്തപുരത്തു താമസിക്കുന്നു. മക്കൾ രണ്ടു പേരും പ്രവാസികൾ. 1. **Neethu** (CHINJU. M. Tech. M.S.) Canada. ഭർത്താവ്: കോന്നി, പയ്യനാമൺ കരിപ്പൂമണ്ണിൽ തോമസിന്റെ മകൻ **ചെറിയാൻ തോമസ്** (സുമിത്. Er. Canada). മകൾ: **Isabella** (3rd STD). എല്ലാവരും കാനഡയിൽ താമസിക്കുന്നു.

കൊച്ചുമോളുടെ മകൻ **Jithu John Koshy** (Chikku. MBA, Bank Officer, Dubai). ഭാര്യ കല്ലട കൊമ്പാടിയിൽ റോബിന്റെ മകൾ **ഡോ. റോഷ്മാ**. മകൻ **റയാൻ** (4th STD). എല്ലാവരും ദുബായിൽ താമസിക്കുന്നു.

എന്റെ അപ്പന്റെ സഹോദരി തങ്കമ്മ

ഭർത്താവ് നിരണം വടക്കുംഭാഗം പന്തപ്പാട്ട് **ജോർജ് സാർ**. കല്ലുങ്കൽ നെടുവേലി കുടുംബത്തിൽപെട്ട ഒരു അമ്മച്ചിയുടെ മകനായിരുന്നു. കൂടാതെ ഭാര്യാസഹോദരൻ എം. ജി. മാത്യുവിന്റെ സഹപാഠി ആയിരുന്നു. എന്റെ അപ്പന്റെ മരണശേഷം ഞങ്ങളുടെ ഓരോ കാര്യങ്ങൾക്കും ഉപ്പാപ്പന്റെ വലിയ സഹായങ്ങളും മേൽനോട്ടവും ഉണ്ടായിരുന്നു എന്ന കാര്യം ഓർ ക്കുന്നു. നിരണം സെന്റ് മേരീസ്, കടപ്ര കണ്ണശ്ശ സ്കൂളുകളിൽ അദ്ധ്യാപ കൻ ആയിരുന്നു. ഉപ്പാപ്പൻ 10-3-2001-ൽ 83-ാം വയസിലും അമ്മാമ്മ 13-5-2000-ൽ 71-ാം വയസിലും നിര്യാതരായി. ഇവർക്ക് ആറു മക്കൾ രണ്ടാണും നാലു പെണ്ണും.

കുഞ്ഞമ്മ. ഭർത്താവ് മുണ്ടകത്തിൽ പരേതനായ ജോയി. വിമുക്ത ഭടൻ ആയിരുന്നു. ഇഹലോക വാസം വെടിഞ്ഞു. മക്കൾ: **സെൻ, സീനു, സിബി.** മൂവരുടെയും കല്യാണം കഴിഞ്ഞു. സിബിയെ കല്യാണം കഴിച്ചത് കല്ലുങ്കൽ ചിറപ്പറമ്പിൽ സനൽ. മൂവരും കുടുംബസഹിതം പ്രവാസികൾ.

ലീലാമ്മ. ഭർത്താവ് തലവടി തുരുത്തേൽ പരേതനായ **ബേബി**. കല്യാണം കഴിഞ്ഞു ഭർത്താവിന്റെ ജോലി സ്ഥലമായ ഭിലായിയിൽ ആയി രുന്നു. റിട്ടയർ ചെയ്തശേഷം തിരുവല്ല പുഷ്പഗിരി ഹോസ്പിറ്റലിന് അടുത്ത വീട്ടിൽ താമസം. മൂന്ന് മക്കൾ. അനിൽ, ബിജു, സജു. മൂവരും വിവാഹിതർ, കുടുംബവും കുട്ടികളുമായി പ്രവാസികൾ. ഇതിൽ ബിജു കല്യാണം കഴിച്ചിരിക്കുന്നത് ജോഷ്വാ അളിയന്റെ അനുജൻ പരേതനായ ശമുവേൽ അച്ചായന്റെയും കുഞ്ഞൂഞ്ഞമ്മയുടേയും മകൾ പ്രീതയെയാണ്.

ഇവർക്ക് മെഡിക്കൽ വിദ്യാർത്ഥികളായ രണ്ടു പെൺകുട്ടികൾ.

രാജു (ജോർജ് മാത്യു). നിരണം St. Mary's school-ൽ പഠനത്തിന് ശേഷം Thiruvalla National Engineering-ൽ സർവേ പഠിച്ചു. മദ്ധ്യപ്രദേശത്തു കുറച്ചുനാൾ ജോലി ചെയ്തു. ബഹറിനിൽ വർഷങ്ങൾ ജോലി ചെയ്തു. കല്ലിശേരി കൊച്ചുകൊട്ടാരത്തിൽ ജോസിയാണ് ഭാര്യ. ഇവർക്ക് രണ്ടു മക്കൾ. കുടുംബസമേതം പ്രവാസികൾ.

ബാബു (ജോർജ് വർഗീസ്). നിരണം St. Mary's school-ൽ പഠനത്തിന് ശേഷം ബഹറിനിൽ മസ്കറ്റി ബ്രദേഴ്സിൽ ജോലി ചെയ്തു. നാട്ടിൽ പോയി തലവടിയിൽ നിന്നും രാജമ്മയെ കല്യാണം കഴിച്ചു. താമസിയാതെ തന്നെ രാജമ്മയെ ഫാമിലി വിസയിൽ ബഹറിനിൽ കൊണ്ടുവരുന്നതിനും Salmania Hospital-ൽ ജോലി കിട്ടുന്നതിനും ദൈവം തുണച്ചു. മൂന്നു ആൺകുട്ടികൾ ഉണ്ട്. പിന്നീട് ദോഹയിൽ ജോലി ചെയ്തു. ഇപ്പോൾ നാട്ടിൽ സ്ഥിരതാമസം. മക്കൾ മൂന്ന് പേരും വിവാഹം കഴിഞ്ഞു കുടുംബമായി ദോഹയിലും കാനഡയിലും താമസം.

മൂന്നാമത്തെ മകൾ **വൽസമ്മ**. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കടമ്മനിട്ടയിൽ കല്യാണം കഴിഞ്ഞു. ഭർത്താവ് തൃശിനാപ്പള്ളിയിൽ BHEL-ൽ ജോലി ചെയ്തിരുന്ന **രാജു**. ഇപ്പോൾ റിട്ടയർ ചെയ്തു നാട്ടിൽ സ്ഥിരതാമസം. കുട്ടികൾ വിവാഹം കഴിഞ്ഞു കുടുംബമായി കഴിയുന്നു.

നാലാമത്തെ മകൾ **സുമ**. വിദ്യാഭ്യാസം കഴിഞ്ഞു താമസിയാതെ വിവാഹം കഴിഞ്ഞു. പരുമലയിൽ **രാജു**വുമായി വിവാഹം. പരുമല ഉപദേശികടവ് റോഡിൽ പള്ളിയുടെ അടുത്ത വീട്ടിൽ താമസം. രാജുവും കുറെനാൾ പ്രവാസി ആയിരുന്നു. ഇപ്പോൾ നാട്ടിൽ താമസം. ഇവർക്ക് മൂന്നു മക്കൾ. എല്ലാവരും വിവാഹിതരാണ്. കുടുംബമായി പ്രവാസികൾ. മൂത്ത മകൾ **ജിസ**. ഭർത്താവ് **ഫ്രാൻസിസ്**. രണ്ടു മക്കളുമായി ബഹ്റൈനിൽ താമസം. രണ്ടാമത്തെ മകൾ **ജിറ്റ്സി**. ഭർത്താവ് **ചെറിയാൻ**. ബഹ്റൈനിൽ താമസം.

എന്റെ അപ്പന്റെ ഇളയ സഹോദരൻ ജോർജുകുട്ടി

കല്ലുങ്കലും നിരണം St. Mary's-ലും ആയി പഠിച്ചു. അതിനുശേഷം തിരുവനന്തപുരത്ത് ലോഡ്ജിൽ ജ്യേഷ്ഠന്റെ സഹായത്തിനായി കൂടി. പിന്നീട് M.G.M. Stores തുടങ്ങി. താമസിയാതെ കല്ലൂപ്പാറ മണ്ണഞ്ചേരിൽ **പൊന്നമ്മ**യെ കല്യാണം കഴിച്ചു. ഉപ്പാപ്പൻ Stores വിറ്റ് ലോഡ്ജ് ബിസിനസ് തുടങ്ങി. പട്ടത്തും പുളിമൂട്ടിലും M.G.M. Tourist Home തുടങ്ങി. മക്കൾ: **Beena, Bijumon, Bindu, Reena.**

ബീന കല്യാണം കഴിഞ്ഞു കാനഡായിൽ ഭർത്താവ് **George Oommen**-നു മായി താമസം. ബിജുമോൻ വിദ്യാഭ്യാസം കഴിഞ്ഞു ലോഡ്ജിന്റെ കാര്യ ങ്ങൾ നോക്കുന്നു. കല്യാണം കഴിഞ്ഞു. ഭാര്യ **Prakasini L. R.** ഒരു മകൾ **Sandra P. Biju**. Engineering പഠിച്ചു. ഇപ്പോൾ ജോലി ചെയ്യുന്നു.

ബിന്ദുമോൾ. കല്യാണം കഴിഞ്ഞു. Binsi George (Bindhu). ഭർത്താവ് **Jacob George** (Saji). മൂന്നു കുഞ്ഞുങ്ങൾ. **Sarah, Marie and Elizabeth (Eliza)**. Malaysia-യിൽ കുടുംബമായി കഴിയുന്നു. ഇളയ മകൾ റാണിക്ക് തിരുവന ന്തപുരം Techno park-ൽ ജോലി. **Elizabeth George** (Rani) - **Geogy Varughese** (Kochumon) മായി കല്യാണം കഴിഞ്ഞു. മകൾ **Neha Varghese**. പഠിക്കുന്നു.

കൊച്ചുപ്പാപ്പനും കൊച്ചമ്മയും



അപ്പച്ചന്റെ ഇളയ സഹോദരൻ ഇട്ടി ഔസേഫ്

അപ്പച്ചൻ ഈ ലോകം വിട്ടു നേരത്തേ പിരിഞ്ഞു പോയി. അതി നാൽ മക്കൾക്ക് ബാല്യകാലം വളരെ കഷ്ടപ്പാട് ആയിരുന്നു. രണ്ടു പേരും മരിച്ചു കല്ലുങ്കൽ പള്ളിയിൽ തന്നെ അടക്കം ചെയ്തു. മക്കൾ: **ഔസേഫ് ഗീവർഗീസ് (ബേബി), ഔസേഫ് ചാക്കോ (കുഞ്ഞുഞ്ഞ്), അന്നമ്മ (അമ്മിണി), ഔസേഫ് ജോൺ (അനിയൻ).**



ഇട്ടി ഔസേഫിന്റെ ഭാര്യ അന്നമ്മ

ബേബിച്ചായൻ

നാട്ടിൽ തന്നെ വിദ്യാഭ്യാസം കഴിഞ്ഞു കൃഷിയും ബിസിനസുമായി ജീവിതം. ഭാര്യ കടപ്ര മാന്നാർ കണ്ടത്തിൽ വീട്ടിൽ മറിയാമ്മ. മൂന്നു സഹോദരും ഒരു സഹോദരിയും. ബേബിച്ചായൻ നമ്മെ വിട്ടു പോയി. കൊച്ചമ്മയും 28-07-2007 ൽ നമ്മളെ വിട്ടുപിരിഞ്ഞു പോയി. ഇവർക്ക് മക്കൾ **രാജു, മോളമ്മ, സാബു, കൊച്ചുമോൾ.**

രാജു (Joseph Varghese)

നാട്ടിൽ വിദ്യാഭ്യാസം കഴിഞ്ഞു തിരുവല്ല M.G.M. High school, Mar Thoma College, ആലപ്പുഴ Carmel Polytechnic college-ൽ ചേർന്ന് Civil engineering ൽ ഉന്നത വിദ്യാഭ്യാസം കഴിഞ്ഞു അധികം താമസിയാതെ തന്നെ ബഹ്റൈനിൽ വന്നു ഒരു കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി കിട്ടി. കുറച്ചു നാളത്തെ പരിചയം നേടിയശേഷം നാട്ടിൽ പോയി കല്യാണം കഴിക്കുന്നതിനു ആഗ്രഹിച്ചു. അങ്ങനെ കോട്ടയം പേരൂർ കോണ്ടൂർ വീട്ടിൽ ചാക്കോയുടേയും ഏലിക്കുട്ടിയുടേയും മകൾ **മേഴ്സി**യെ കല്യാണം കഴിച്ചു. മേഴ്സിക്ക് രണ്ടു സഹോദരിമാരും ഒരു സഹോദരനും. മക്കൾ രേഷ്മ കാനഡയിൽ ഭർത്താവുമൊത്ത് കഴിയുന്നു. മകൻ ജോയൽ ദുബയിൽ ജോലിയായി മാതാപിതാക്കൾക്കൊപ്പം.

മോളമ്മ. പാണ്ടനാട് പ്ളാങ്കീഴിൽ വീട്ടിൽ **പി. വി. സണ്ണി**യാണ് ഭർത്താവ്. ഇവർക്ക് രണ്ടു പുത്രിമാർ. സോളി വിവാഹം കഴിഞ്ഞു ഭർത്താ

രാജുവും കുടുംബവും

വിന്റെ കൂടെ പ്രവാസികൾ. രണ്ടാമത്തെ മകൾ പഠിത്തം കഴിഞ്ഞു നാട്ടിൽ തന്നെ ജോലി ചെയ്യുന്നു.

രണ്ടാമത്തെ മകൻ **സാബു**. സാബുവിന്റെ ഭാര്യ **സിന്ധു**. നാട്ടിൽ കുടുംബ സമേതം കഴിയുന്നു. ഒരു മകൾ അനീറ്റ, പോണ്ടിച്ചേരിയിൽ B.Sc. Nursing പഠിക്കുന്നു.

കൊച്ചുമോൾ. നാട്ടിൽ പ്രാരംഭ വിദ്യാഭ്യാസത്തിന് ശേഷം തിരുവല്ല M.G.M High school-ൽ പഠിച്ചു. പിന്നീട് നഴ്സിംഗ് വിദ്യാഭ്യാസത്തിനായി വടക്കേ ഇൻഡ്യയിൽ പോയി. പഠനമൊക്കെ പൂർത്തിയായി വളരെ നാളു കളായി ദുബായിൽ ജോലിയാണ്. പരുമലയിൽ കാവിൽ കിഴക്കേതിൽ വർഗീസ് ജോർജ് കല്യാണം കഴിച്ചു. രണ്ടു പെൺമക്കൾ. പഠിച്ചു കൊണ്ടിരി ക്കുന്നു.

കുഞ്ഞൂച്ചായൻ (M. J. Chacko).



നാട്ടിൽ തന്നെ വിദ്യാഭ്യാസം കഴിഞ്ഞു കൃഷിയും ചെറിയ ബിസിനസു മായി ജീവിതം. ഭാര്യ ഏലിയാമ്മ കവുങ്ങുംപ്രയാർ. കുഞ്ഞൂച്ചയൻ 24-10-2018 ൽ ഇഹലോകം വെടിഞ്ഞു.

മക്കൾ: Jessy Babu, Joseph Chacko (Reji), Mathew Chacko (Kochumon), Reena Beji.

മൂത്ത മകൻ **റജി** (Joseph Chacko). വർഷങ്ങളായി ബഹറിനിൽ ഓട്ടോ മൊബൈൽ മെക്കാനിക്കൽ ജോലിയിൽ. ഇപ്പോൾ Al Moayed group-ൽ

ഏലിയാമ്മ

തുടരുന്നു. ഭാര്യ ഷീജ. കടപ്ര മാന്നാർ പനക്കാമറ്റത്ത് മണപ്രത്ത് ഉമ്മന്റെയും ലില്ലിക്കുട്ടിയുടേയും മകളാണ്. ഷൈൻ സഹോദരനും രണ്ട് സഹോദരികളും.

മക്കൾ

റോഷൻ, Computer Science Degree വിദ്യാഭ്യാസം കഴിഞ്ഞു ജോലിക്ക് ശ്രമിക്കുന്നു. ഇളയ മകൻ ഷോൺ പഠിക്കുന്നു.

മൂത്ത മകൾ ജസ്സി (Jessy Babu) തെങ്ങേലിയിൽ കൊന്നോലിൽ വീട്ടിൽ ബാബുവിനെ കല്യാണം കഴിച്ചു. ഭർത്താവ് ബാബുവുമൊത്ത് കുറെനാൾ ഗോവയിൽ കഴിഞ്ഞു. നാട്ടിൽ വന്നു കുടുംബമായി ജീവിച്ചു. ബാബു കുറച്ചുനാൾ മുമ്പ് മരിച്ചു. ഇവർക്ക് രണ്ട് ആൺമക്കൾ. ബൈജു, ബിജൊ.

കൊച്ചുമോൻ (Mathew Chacko). വിദ്യാഭ്യാസം കഴിഞ്ഞു നാട്ടിൽ തന്നെ കഴിയുന്നു. കല്യാണം കഴിഞ്ഞു. ഭാര്യ കൊച്ചുമോൾ. രണ്ടു ആൺമക്കൾ. കെൽവിൻ & മെൽവിൻ. വിദ്യാർത്ഥികൾ.

ഇളയ മകൾ റീന (Reena Steaphen) നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു നഴ്സിംഗ് പഠിക്കാൻ പോയി. പഠിത്തം പൂർത്തിയാക്കി സൗദിയിൽ കുറെനാൾ ജോലി ചെയ്തു. കോട്ടയം പാറംപുഴ പാലത്തറ വീട്ടിൽ ബെജിയുമായി (Steaphen Zachariah) വിവാഹം കഴിഞ്ഞു കുടുംബസമേതം താമസിക്കുന്നു. ഒരു മകൾ Manna Mary Steaphen പഠിക്കുന്നു.

റജിയും ഷീജയും മക്കളും

Annamma (അമ്മിണി).

ഏക സഹോദരിയെ കാരക്കൽ Chandy എന്ന ബോംബെയിൽ സ്ഥിര മായി താമസിക്കുന്ന Railway ജീവന ക്കാരൻ വിവാഹം കഴിച്ചു. കുടുംബ ജീവിതം പൂർണമായും Bombay-യിൽ ആയിരുന്നു. മക്കൾ മൂന്നു പെണ്ണും ഒരു ആണും. മകന്റെ പേര് ജോയി (Chacko Chandy). ജോലി സംബ ന്ധിച്ച് കുവൈറ്റിൽ പ്രവാസിയാണ്. ഭാര്യ ശോഭയും മകളും ബോംബെ യിൽ. പെൺമക്കൾ: മേരി, ഗ്രേസി, മോൾ. മൂവരും വിവാഹം കഴിഞ്ഞു ബോംബെയിൽ താമസം. അമ്മിണി യമ്മയും ഭർത്താവും നമ്മളിൽ നിന്നും വിട്ടു പിരിഞ്ഞു. ബോംബെ യിൽ തന്നെ അടക്കം ചെയ്തു.



അനിയച്ചായൻ (ജോൺ)

പ്രാരംഭ വിദ്യാഭ്യാസം കല്ലുങ്കൽ തന്നെ കഴിഞ്ഞു. ആലംതുരുത്തി കണ്ണശ സ്കൂളിൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു ITI യിൽ ചേന്ന് Welding പഠിച്ചു. 1975-ഓടു കൂടി ബഹറിനിൽ എത്തി Juma Abdu Mohd എന്ന കമ്പനിയിൽ വളരെനാൾ ജോലി ചെയ്തു പ്രവാസിയായി കഴിഞ്ഞു. നാട്ടിൽ തിരിച്ചെത്തി കല്യാണം കഴിഞ്ഞു കാവുംഭാഗത്തായി സ്ഥലം വാങ്ങി വീട് വച്ച് കുടുംബസമേതം കഴിയുന്നു.

ഭാര്യ **ഓമന**. കിഴക്കംമുറി കൈലാത്ത് ഗീവറുഗീസ്സ് മത്തായിയുടേയും കുഞ്ഞമ്മ മത്തായിയുടെയും മകളാണ്. സഹോദങ്ങൾ: മോനച്ചൻ, കുഞ്ഞുമോൾ. മകൻ ജോസഫ് ജോൺ (അനു). വേങ്ങൽ ഭാഗത്തുള്ള മഞ്ജുവാണ് ഭാര്യ. ഇവർക്ക് മൂന്നു കുട്ടികൾ. മകൾ ജിറ്റാ. വിവാഹം കഴിഞ്ഞു അബുദബിയിൽ കുടുംബസമേതം താമസം.

ഇട്ടി തോമസ് (കുട്ടി)

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞു കൃഷിയുമായി ജീവിതം നയിച്ചു. കാരക്കാട് ചെറുകാലേത്ത് വല്ല്യുഴത്തിൽ ശോശാമ്മയെ വിവാഹം കഴിച്ചു. അമ്മയ്ക്കു രണ്ടു സഹോദരങ്ങൾ. അഞ്ചു സഹോദരികൾ. മൂത്ത ആൾ ഉണ്ണൂണ്ണിച്ചായൻ (late). കാരക്കാട്ട് കുടുംബസമേതം താമസിച്ചു. രണ്ടു ആൺകുട്ടികൾ. ജോയി, തങ്കച്ചൻ. അവർ രണ്ടുപേരും ബഹറിനിൽ ജോലി ചെയ്തിട്ടുണ്ട്. ജോയി ഇപ്പോൾ നാട്ടിൽ സുഖമായി ഭാര്യ റോസമ്മയുമൊപ്പം താമസിക്കുന്നു. തങ്കച്ചൻ ഭാര്യ എൽസിയും മക്കളുമായി യു.കെ. യിൽ താമസം. മറ്റേ സഹോദരൻ മംഗലത്ത് താമസിച്ചു. ഇപ്പോൾ മകൻ ജോർജച്ചായനും

ഇട്ടി തോമസും ശോശാമ്മയും

മകൻ ജോസും കുടുംബവും താമസം. അപ്പച്ചൻ പല തവണ സെന്റ് ഇഗ്നേഷ്യസ് പള്ളിയുടെ ട്രസ്റ്റി ആയും സെക്രട്ടറി ആയും സ്തുത്യർഹമായ സേവനം ചെയ്തു.

മുത്തമകൾ കൊച്ച് (M. T. Annamma)

വല്യമ്മാമ്മയെ കുറിച്ച് മുമ്പും വിവരിച്ചിട്ടുണ്ട്. ഞങ്ങളുടെ എല്ലാം ബഹറിനിൽ വരുന്നതിനുള്ള മാർഗദർശിയാണ്. 1960-കളിൽ കർണാടകയിൽ കോളാർ എന്ന സ്ഥലത്ത് പോയി നഴ്സിംഗ് പഠിച്ചു പാസായി

പൂനയിൽ ജോലിയിൽ പ്രവേശിച്ചു. താമസിയാതെ ബഹറിനിൽ ജോലി കിട്ടി വളരെനാൾ അവിടെ കഴിഞ്ഞു. കല്യാണം കഴിച്ചു എങ്കിലും കുട്ടികളില്ല. അമ്മാമ്മ കാലയവനികയിൽ മറഞ്ഞു.

മൂത്ത മകൻ **കുഞ്ഞുമോൻ** (M. T. Geevarghese). പുന്നവേലി ഇളംപുങ്കൽ മോളമ്മാമ്മയാണ് ഭാര്യ. ഇവർക്ക് രണ്ടു മക്കൾ റ്റോംസി, റ്റോണി.

ഇളയ മകൾ ചിന്നമ്മാമ്മ

സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞു മീനടം സ്വദേശി **പാപ്പുക്കുട്ടി** വിവാഹം കഴിച്ചു. ഭർത്താവ് പാലക്കാട്, മണ്ണാർക്കാട് തിരുവാഴംകുന്ന് Village Officer ആയിരുന്നു. താമസിയാതെ അവിടെ സ്ഥലം വാങ്ങി വീട് വച്ചു താമസം തുടങ്ങി. ഇവർക്ക് മൂന്നു മക്കൾ: Abi, Biji, Cibi.

Abi ex-service ആണ്. കല്യാണം കഴിഞ്ഞു ഭാര്യയും കുട്ടികളുമായി കഴിയുന്നു.

മകൾ ബിജിയെ നിലമ്പൂരിൽ വിവാഹം കഴിച്ചു.

ഇളയമകൻ സിബി ദുബായിൽ ജോലിയായി കുടുംബമായി കഴിയുന്നു.

തമ്പി – M. T. Mathew

ഞാനും തമ്പിയും ഒന്നിച്ചു ചെറുപ്പം മുതൽ കളിച്ചു പഠിച്ചു വളർന്നു. പ്രായത്തിലും സ്ഥാനത്തിലും മുതിർന്നതാണങ്കിലും പേര് വിളിച്ചു. കല്ലുങ്കൽ, ഇരമല്ലിക്കര, കടപ്ര സ്കൂളുകളിലും പരുമല, പമ്പ കോളജുകളിലും പഠനം

കഴിഞ്ഞു ബോംബെയിൽ പോയി Air Condition-ൽ ഉപരിപഠനം നടത്തി. വല്യമ്മാമ്മയുടെ സഹായത്തോടെ 1973-ൽ ബഹറിനിൽ എത്തി Sadiq and Taqi Albaharna കമ്പനിയിൽ ജോലിക്ക് ചേർന്നു. ഇതിനിടയിൽ നാട്ടിൽ ഉള്ള സ്വന്തക്കാരെയൊക്കെ ഇവിടെ ജോലിക്ക് എത്തിക്കാൻ വേണ്ടിയുള്ള ചിന്തയും കരുതലും തുടങ്ങി. ആദ്യം കുടുംബത്തിലെ തന്നെ അനിയച്ചായനേയും പിന്നെ അമ്മവീട്ടിൽ നിന്നും കാരക്കാട്ടെ തങ്കച്ചനേയും ജോലിക്ക് കൊണ്ടുവന്നു. 1977-ൽ ക്രിസ്തുമസ്കാലത്ത് നാട്ടിൽ എത്തി 78 ജനുവരിയിൽ കല്യാണം കഴിച്ചു. കല്ലുങ്കൽ പന്ത്രണ്ടിൽ ഉണ്ണിച്ചായന്റെ മൂത്ത മകൾ തങ്കമ്മാമ്മയുടേയും കുമ്പനാട് ചെള്ളേത്ത് വീട്ടിൽ സി. റ്റി. ജോസഫിന്റെയും മകൾ വത്സയാണ് ഭാര്യ. വളരെ താമസിയാതെ തന്നെ ബഹറിനിൽ എത്തി നല്ല കമ്പനിയിൽ (Bahrain Finance Company) ജോലി കിട്ടി. രണ്ടു പേരും ബഹ്റൈൻ വിടുന്നത് വരെ ഒരേ കമ്പനിയിൽ തന്നെ ജോലി ചെയ്തു. 2018-ൽ ആരോഗ്യപരമായ കാരണത്താൽ നാട്ടിൽ പോവുകയും അവിടെ സ്ഥിരതാമസം തുടങ്ങുകയും ചെയ്തു. ഇവർക്ക് മൂന്നു മക്കൾ. റ്റീന, റ്റോബി, റ്റീബ. മൂവരുടേയും വിദ്യാഭ്യാസം ബഹറിനിൽ കഴിഞ്ഞു.

മൂത്ത മകൾ റ്റീനയെ തലവടി മുട്ടാർ സ്വദേശിയും ബഹറിനിൽ U. S. Navy-യിൽ ജോലി ചെയ്തിരുന്ന സുനിൽ വിവാഹം കഴിച്ചു. ഇവർക്ക് രണ്ടു ആൺകുട്ടികൾ. സോണൽ, സാവൻ. ഇപ്പോൾ സഹോദരൻ സന്തോഷും കുടുംബത്തിനും ഒപ്പം USA യിൽ പോയി താമസം.

രണ്ടാമത്തെ മകൻ Toby Mathew. Bahrain ൽ ജനിച്ചു. Indian School-ലും ബോംബെ Wilson College-ലുമായി ഉപരിപഠനം കഴിഞ്ഞു ബഹ്റൈനിൽ

തിരിച്ചുവന്നു. Bahrain Finance company-യിൽ money exchange department-ൽ കുറെനാൾ ജോലി കഴിഞ്ഞു നാട്ടിൽ പോയി തേക്കിൽ കാരുണ്യയിൽ മോനച്ചന്റേയും കൊച്ചുമോളുടേയും മകൾ നീനയെ കല്യാണം കഴിച്ചു. ഇപ്പോൾ നീന ബഹ്റൈൻ അമേരിക്കൻ മിഷൻ ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഇതിനിടയിൽ ടോബിക്ക് Beyone Money എന്ന Batelco-യുടെ money exchange കമ്പനിയിൽ ജോലി മാറി കിട്ടുന്നതിനും ദൈവം സഹായിച്ചു. Daughters: Aida & Emy (students).

മൂന്നാമത്തെ മകൾ റ്റീബ ബഹ്റൈനിൽ ജനിച്ചു സ്കൂൾ വിദ്യാഭ്യാസവും ഇവിടെ തന്നെ നടത്തി. കല്യാണം വളഞ്ഞവട്ടം ചെമ്പോലിൽ വീട്ടിൽ കുഞ്ഞുഞ്ഞിന്റെ മകൻ ഷിബുവുമായി നടന്നു. ഷിബു ബഹ്റൈൻ Pepsi Cola company-യിൽ ജോലി ചെയ്യുന്നു. Teeba's daughter: Evilin.

വിൽസൺ തോമസ്

കുടുംബത്തിൽ ഏറ്റവും ഇളയ മകനായി ജനിച്ചു. എല്ലാവരേയുംപോലെ തന്നെ കല്ലുങ്കൽ M.D. L.P. School, Eramallikara Devasam board, M.G.M. Thiruvalla, St. Aloysius College, Edathua തുടങ്ങിയ ഇടങ്ങളിൽ പഠിച്ചു കഴിഞ്ഞു ബോംബയിൽ വന്നു താമസിയാതെ തന്നെ ബഹ്റൈനിൽ എത്തി. കുറച്ചുനാളുകൾ പല കമ്പനികളിലായി ജോലി ചെയ്തു. പിന്നെ ബഹ്റൈൻ ഹിൽറ്റൺ ഹോട്ടലിൽ ജോലി കിട്ടി. താമസിയാതെ നാട്ടിൽ പോയി തിരുമൂലപുരം ഇലഞ്ഞിക്കൽ ചാപ്പനാട്ട് വീട്ടിൽ നിന്നും സുധ (കൊച്ചുമോൾ)

യെ കല്യാണം കഴിച്ചു. രണ്ടു സഹോദരരും രണ്ടു സഹോദരിമാരും ഉണ്ട്. മൂത്ത സഹോദരൻ സാബു ബഹ്റൈനിൽ വളരെനാൾ ജോലി ചെയ്തു. തുടർന്ന് ദുബയിലും ജോലി കഴിഞ്ഞു ഇപ്പോൾ നാട്ടിൽ കുടുംബ സമേതം കഴിയുന്നു. ഇളയസഹോദരൻ സജി നാട്ടിൽ Income Tax department-ൽ ജോലി ചെയ്യുന്നു. വിവാഹിതനാണ്. ഭാര്യയും കുട്ടികളുമായി കുടുംബത്തിൽ കഴിയുന്നു. മക്കൾ: ടെസി, ടോജി. ടെസി വിവാഹം കഴിഞ്ഞു ഭർത്താവും കുഞ്ഞുങ്ങളും സഹിതം ദുബയിൽ കഴിയുന്നു. റ്റോജിയും കല്യാണം കഴിഞ്ഞു ദോഹയിൽ.

അപ്പച്ചന്റെ സഹോദരി മറിയാമ്മ

വളരെ ചെറിയപ്രായത്തിൽ തന്നെ സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞു വിവാഹം. തിരുമൂല ഞാഴിച്ചേരി കുടുംബത്തിൽപെട്ട വാഴത്തറമലയിൽ കൊച്ചുകുട്ടി (Chacko Cherian) ആണ് ഭർത്താവ്. കുഞ്ഞാമ്മ, മാമൻ, ഗീവർ ഗീസ്, മറിയാമ്മ എന്നീ സഹോദരർ ഉണ്ടായിരുന്നു. സഹോദരന്മാർ എല്ലാവരും വാഴത്തറ മലയിൽ താമസിക്കുന്നു. സഹോദരിയെ മേൽപ്പാടത്ത് മൂന്നു തെങ്ങിൽ ഉമ്മച്ചന് കല്യാണം കഴിച്ചു കൊടുത്തു. കൊച്ചുകുട്ടി 1975 നവംബറിലും മറിയാമ്മ 1975 ഒക്ടോബറിലും മരണമടഞ്ഞു. ഇവർ മണിമല ആറിന് തീരത്തെ കൂലികടവിൽ ഒരു വീട് വച്ച് കുടുംബത്തിൽ നിന്നും മാറി താമസിച്ചു. മക്കൾ നാല് ആണും അഞ്ചു പെണ്ണും.

1. കുഞ്ഞുഞ്ഞ് (ചെറിയാൻ)

വിദ്യാഭ്യാസം കഴിഞ്ഞു ചെറിയ രീതിയിൽ ഉള്ള പല ബിസിനസും

ചെയ്തു നാട്ടിൽതന്നെ കഴിഞ്ഞു. മല്ലപ്പള്ളി വടക്കേക്കര ലീലാമ്മയാണ് ഭാര്യ. കുഞ്ഞുച്ചായൻ 25-1-1998 ൽ നിര്യാതനായി. മക്കൾ രണ്ടുപേർ. മൂത്ത മകൻ കുഞ്ഞുമോന് കുവൈറ്റിൽ ജോലി. ഭാര്യ ജുബിൻ. രണ്ടാമത്തെ മകൻ ജോമോന് കുവൈറ്റിൽ ജോലി. ഭാര്യ ലാലി. കുടുംബമായി പ്രവാസികൾ.

2. കീവറിച്ചൻ (ഗീവർഗീസ്)

പത്രത്തിന്റെ ഏരിയ ഏജന്റ് ആയിരുന്നു. 25-1-2009 ൽ നിര്യാതനായി. ഭാര്യ പരേതയായ ഏലിയാമ്മ തിരുവൻവണ്ടൂർ മാമ്മൂട്ടിൽ കുടുംബാംഗമാണ്. ആൺമക്കൾ **ജോർജ്ജുകുട്ടി** (Chacko Varghese) ഭാര്യയും മക്കളുമായി കഴിയുന്നു. മക്കൾ ഷെറിൻ, ഷെബിൻ.

ജോയി (Abraham Varghese). ഭാര്യ മറിയാമ്മ. മക്കൾ: ജസ്ന, ജോസ്ന.

ജോജി വർഗീസ്. ഭാര്യ ഐബി. മക്കൾ: ഹന്ന, അക്സ. പെൺമക്കൾ: ലില്ലിക്കുട്ടി. വെൺപാല ചവിട്ടുമൂട്ടിൽ ജോഷ്വാ കല്യാണം കഴിച്ചു. ഇവർക്ക് ഒരു മകൻ ഉണ്ടായിരുന്നു. അവൻ മരിച്ചുപോയി. മകൾ കല്യാണം കഴിച്ച് കുടുംബമായി കഴിയുന്നു. രണ്ടാമത്തെ മകൾ ജിജിയെ തിരുമൂലപുരം കറുപ്പനശ്ശേരിയിൽ കല്യാണം കഴിച്ചു. ഇവരുടെ ഒരു മകൻ മലങ്കര കത്തോലിക്കാ സഭയിൽ വൈദികനായി സേവനമനുഷ്ഠിക്കുന്നു.

3. ബേബി (തോമസ്)

സാമാന്യ വിദ്യാഭ്യാസം കഴിഞ്ഞ് മിലിട്ടറിയിൽ ചേർന്നു. അവധിക്ക് വന്ന് കല്ലുങ്കൽ മൂലേപ്പള്ളത്ത് കുഞ്ഞമ്മയെ വിവാഹം കഴിച്ചു. ഇവർക്ക് ബിജു, ബിന്ദു എന്ന രണ്ടു മക്കൾ. ബിജു മേപ്രാൽ തെങ്ങുംതറയിൽ നിന്നും സിനിയെ വിവാഹം കഴിച്ചു. തിരുവല്ല മുനിസിപ്പൽ കൗൺസിലറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇവർക്ക് ബ്ലസൻ, ബ്ലസി എന്നീ രണ്ടു മക്കൾ. രണ്ടു പേരും നഴ്സിംഗ് വിഭാഗത്തിൽ.

4. അനിയൻ (C. S Chacko)

സാമാന്യ വിദ്യാഭ്യാസം അടുത്ത St. Thomas High School-ൽ കഴിഞ്ഞു. ജേഷ്ഠനെപ്പോലെ രാജ്യത്തെ സേവിച്ചു. ഇടയ്ക്ക് കല്യാണം തൃക്കൊടിത്താനത്ത് മൂലമുറിയിൽ വീട്ടിൽ കുഞ്ഞുമോൾ (Thresiamma) യുമായി നടന്നു. കുറെ നാളത്തെ മിലിറ്ററി സേവനം കഴിഞ്ഞു ക്യാപ്റ്റൻ ആയി വിരമിച്ചു. ഇവർക്ക് മകൻ Manoj (military). ഭാര്യ പ്രിയ (ചങ്ങനാശ്ശേരി കാലായിൽ). ഇവരുടെ മക്കൾ: മിയ, മെൽബിൻ. മകൾ Anjumol (Pushpagiri Hospital Nurse) പരുമല വിവാഹം കഴിഞ്ഞു. മൂന്നു മക്കൾ.

5. കുഞ്ഞേലിയാമ്മ.

വളരെ ചെറിയ പ്രായത്തിൽ തന്നെ മാന്നാർ ചിറയിൽ കുഞ്ഞൂഞ്ഞിനെ (സി. വി. വർഗീസ്) വിവാഹം കഴിച്ചു. ഇവർക്ക് അഞ്ചു പെൺമക്കൾ: ശാന്തമ്മ (ഭർത്താവ് വെണ്ണിക്കുളം കാക്കാനകുഴി അനിയൻകുഞ്ഞ്). മക്കളും കൊച്ചുമക്കളുമായി കഴിയുന്നു. **കൊച്ചുമറിയാമ്മ**. ആലപ്പുഴ ചിറക്കൽ വീട്ടിൽ തോമാച്ചൻ വിവാഹം കഴിച്ചു. മക്കൾ ലിൻസി, ലിനി, ലിബിൻ. **തെയ്യാമ്മ**, തൃക്കൊടിത്താനം തിഴത്തുപറമ്പിൽ കുഞ്ഞുമോൻ വിവാഹം കഴിച്ചു. മക്കൾ: ബിബിൻ, ജോബിൻ. **സൂസി**. ചങ്ങനാശ്ശേരി കോട്ടമുറി മത്തായി വിവാഹം കഴിച്ചു. മക്കൾ Emily & Christy. **മോളമ്മ.** തൃക്കൊടി ത്താനം മൂലമുറി സിബി വിവാഹം കഴിച്ചു. മക്കൾ Merlin & Merin.

ഒരു മകനും ഉണ്ട്. **സണ്ണി (Varghese Mathew).** ബഹ്റൈനിൽ വളരെ നാൾ പ്രവാസിയായിരുന്നു. Amana-യിൽ തമ്പിയോടൊപ്പം ജോലി ചെയ്തു. ഭാര്യ ലീലാമ്മ. പള്ളിപ്പാട്ട്, പുത്തൂർ വീട്ടിൽ വീട്. കുടുംബസമേതം ബഹ്റൈ നിൽ കഴിഞ്ഞു. മക്കൾ **സോണിയ** (കാനഡാ). മകൻ **സൂരജ്** (ബഹ്റൈൻ). സണ്ണിയും ലീലാമ്മയും ഇപ്പോൾ നാട്ടിൽ കഴിയുന്നു.

6. ശോശാമ്മ (രണ്ടാമത്തെ മകൾ)

വളരെ നേരത്തെ തന്നെ കല്യാണം ചെങ്ങന്നൂർ കിടങ്ങന്നൂർ വല്ലന കാവേരിക്കുന്നിൽ Varghese Mathew (അനിയൻകുഞ്ഞു) മായി നടന്നു. ജോലി സംബന്ധമായി തിരുവല്ലയിൽ ആയിരുന്നതിനാൽ സ്ഥിരതാമസം തിരുവല്ലയിൽ പുഷ്പഗിരിയുടെ അടുത്താക്കി. അനിയച്ചായൻ കുടുംബ ത്തിൽപെട്ട ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചു എന്നതിലധികം എന്റെ ഓരോ കാര്യത്തിൽ ശ്രദ്ധിക്കുകയും പ്രശ്നങ്ങൾ, പ്രയാസങ്ങളിൽ വേണ്ട സഹായം ചെയ്തു തരികയും പതിവായിരുന്നു. അവയെല്ലാം നന്ദിയോടെ ഓർക്കുന്നു. തിരുവല്ലയിൽ ഉമ്മൻ തലവടിയുടെ പാർട്ടിയുമായി സഹകരിച്ച് അറിയപ്പെടുന്ന പാർട്ടി പ്രവർത്തകനായിരുന്നു. 1995 നവംബർ 9-നു മരണം.

മൂത്ത മകൻ **ഷാജി (മാത്യൂ)**. ഭാര്യ ലിസി (മാവേലിക്കര). **മക്കൾ: ഷിജു, ഷാരോൺ, സൂസൻ.**

അച്ചൻകുഞ്ഞ് (Chacko Mathew). ഭാര്യ നാലുകോടി വലിയപറമ്പിൽ ജൂഡി. മക്കൾ: അനീറ്റ, ജനീറ്റ. **ഷിബു (Shibu Mathew)**. ഭാര്യ മേപ്രാൽ ആറ്റുമാലിൽ വീട്ടിൽ ജീന ആൻ ഫിലിപ്പ്. **മക്കൾ: അക്സ, ആഷ്ലി, ഏൻജൽ.**

അടുത്ത മകൾ **മറിയാമ്മ** കോട്ടയം മീനടം ചിറക്കതോട്ടിൽ പാപ്പച്ചനു മായി വിവാഹം കഴിഞ്ഞു കൂലികടവിൽ കുടുംബവീടിന് അടുത്ത് തന്നെ താമസിച്ചു. മക്കൾ. ഷൈനി (ഭർത്താവ് രാജു), ഷേർലി (ഭർത്താവ് ബിനോ).

അടുത്ത മകൾ **സാറാമ്മ.** ചങ്ങനാശ്ശേരി ഫാത്തിമാപുരം പുളിമൂട്ടിൽ സ്കറിയാ ആണ് ഭർത്താവ്. മകൻ **ബിനോയ്** (ഭാര്യ ജോസിനി). മകൻ **ബിബിൻ** (ഭാര്യ മേബിൾ). മകൾ **വിനുമോൾ** (ഭർത്താവ് ജയ്സൺ).

അടുത്ത മകൾ **വത്സമ്മ**യെ ഇടഞ്ഞില്ലം തയ്യിൽ വീട്ടിൽ **സണ്ണി (ജോർജ്)** വിവാഹം കഴിച്ചു. മകൻ **ജെറിൻ** (ഭാര്യ ലിജി). അടുത്ത മകൾ **ജെൻസി** (ഭർത്താവ് **റെൻസി**).

അപ്പച്ചന്റെ ഇളയ സഹോദരി അച്ചാമ്മ

കല്ലുങ്കൽ സ്കൂളിലെ സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം ചെറിയ പ്രായത്തിൽ തന്നെ റാന്നി ഇട്ടിയപ്പാറ തേവർവേലിൽ കുടുംബത്തിൽപെട്ട **ഈശോ ഈശോ (കുട്ടപ്പൻ)** കല്യാണം കഴിച്ചു. ജീവിതത്തിന്റെ നല്ല ഭാഗം കല്ലുങ്കൽ തന്നെ ആയിരുന്നു. ഇവർക്ക് രണ്ടു മക്കൾ. മകൾ **മേരി**, മകൻ **തമ്പി**. രണ്ടു പേരും വിവാഹിതരായി കുടുംബമായി കഴിയുന്നു.

മേരിയെ കരിമ്പനാംകുഴിയിൽ പരവേലിൽ **വറുഗീസ്** വിവാഹം ചെയ്തു. ഇവർ പടയനിപാറയിൽ താമസിക്കുന്നു.

റ്റി. വി. ചാക്കോ (തമ്പി) SSLC പാസ്സായ ശേഷം ഉദ്യോഗാർത്ഥം ദുബയിൽ പോയി. ദുബയിലെ ജോലി കഴിഞ്ഞശേഷം നാട്ടിൽ തിരിച്ചെത്തി. അത്തിക്കയം മുഞ്ഞാട്ട് ചുണ്ടയിൽ കുഞ്ഞൂഞ്ഞിന്റെ മകൾ **സെലിനാമ്മ**യെ വിവാഹം ചെയ്തു. ഇവർക്ക് **ഫെബി ചാക്കോ** എന്ന മകനും **മെബി ചാക്കോ** എന്ന മകളും ഉണ്ട്.

തൽക്കാലം ഇവിടെ ഞാൻ നിർത്തട്ടെ. എന്തെങ്കിലും തെറ്റ് കുറ്റം ഉണ്ടെങ്കിൽ സദയം ക്ഷമിക്കണം.

എന്ന് നിങ്ങളുടെ സ്വന്തം **ജോയി മുണ്ടാറ്റുംകുഴി**

20 November 2025